വത്തിക്കാൻ

മാർച്ച് 2022

# തരംഗം



## ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ

# ദൈവത്തെയും മനുഷ്യരെയും നെഞ്ചോട് ചേർത്ത് ഒരു ഇടയൻ

മെത്രാഭിഷേക സപ്ലിമെൻ്റ്

2022 മാർച്ച് 19

കെസിബിസി മീഡിയ

# നിയുക്ത ആർച്ച് ബിഷപ്പ്
# തോമസ് ജെ നെറ്റോ പിതാവിന്
# പ്രാർത്ഥനാശംസകളോടെ



**ഫ്രാൻസിസ്കൻ മിഷണറീസ് ഓഫ് മേരി**
**സന്യാസിനികൾ**

# വത്തിക്കാൻ തരംഗം

## VATHIKAN THARANGAM supplement

March -2022
RN. 55 178/94
Monthly

## ഉള്ളടക്കം


- എഡിറ്റോറിയൽ 4
- പ്രതീക്ഷയും പ്രാർത്ഥനയും 5
- തിരുവനന്തപുരം അതിരൂപതയുടെ... 8
- പത്രാധിപരായിരുന്ന... 11
- സുവിശേഷ മൂല്യങ്ങളിൽ... 14
- ഹൃദയം തോട്ട്... 19
- മാനവസേവാ ശുശ്രൂഷകൾ... 23
- വിശ്വാസവീഥികളിലെ... 27
- എന്റെ വിദ്യാർത്ഥി... 30


മുഖ്യരക്ഷാധികാരി ◆ **ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി**

രക്ഷാധികാരികൾ ◆ **ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**

◆ **ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

ചീഫ് എഡിറ്റർ ◆ **ഡോ. എബ്രാഹം ഇരിമ്പിനിക്കൽ**

എഡിറ്റർ ◆ **ആന്റണി ചടയംമുറി**

പത്രാധിപസമിതി

◆ **ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി** ◆ **ഡോ. ജേക്കബ്ബ് പ്രസാദ്**

◆ **ഡോ. ജോളി കരിമ്പിൽ** ◆ **ബ്രദർ തോമസ് പോൾ കൊടിയൻ**

ലീഗൽ അഡ്വൈസർ ◆ **അഡ്വ . റെനിൽ ആന്റോ**

ലേ ഔട്ട് & ഡിസൈൻ ◆ **മനു ആന്റണി**

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

**EDITORIAL**

# ഒരു പുഞ്ചിരിയിൽ ക്രിസ്തുസാന്നിധ്യത്തിന്റെ വസന്തം വിടർത്തുന്ന ആത്മീയ സാരഥി



കേരളത്തിലെ കത്തോലിക്കാ രൂപതകളുടെ ചരിത്രവഴികളിൽ, ആരെയും അമ്പരപ്പിക്കുന്ന ദൈവപരിപാലനയുടെ സ്പർശം കാണാനാകും. തിരുവിതാംകൂറിന്റെ തെക്കൻ പ്രദേശങ്ങളിൽ, രൂപപ്പെട്ട കത്തോലിക്കാ വിശ്വാസി സമൂഹത്തിനായി തിരുവനന്തപുരം ലത്തീൻ അതിരൂപത സ്ഥാപിതമായിട്ട് 85 വർഷങ്ങളായി.

ഇപ്പോൾ ഈ തീരദേശ ജനതയ്ക്ക് ആത്മീയതയുടെ സുസ്മേര സാന്നിധ്യമായി പുതിയ അതിരൂപതാ അധ്യക്ഷൻ ഒരു വലിയ ഇടയൻ 2022 മാർച്ച് 19ന് സ്ഥാനമേൽക്കുകയാണ് – മോസ്റ്റ്. റവ. ഡോ. തോമസ് ജെ നെറ്റോ. വിശുദ്ധ അന്തോണീസിന്റെയും പരിശുദ്ധാത്മാവിന്റെയും നാമധേയത്തിലുള്ള ദേവാലയങ്ങളാണ് ഈ അതിരൂപതയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടത്. അതിരൂപതയുടെ മദ്ധ്യസ്ഥയാണ് വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതി. വിശ്വാസവഴികളിൽ ഇടറിപ്പോകാവുന്ന അജ്ഞതയുടെ തീരങ്ങളിൽ വിശുദ്ധ ചെറുപുഷ്പത്തിന്റെ സുഗന്ധം, ഒരു ജനപദത്തെയാകെ ക്രിസ്തുസാന്നിധ്യത്തിലെത്തിക്കുകയായിരുന്നുവെന്നു പറയാം. മെത്രാഭിഷേകത്തിന്റെ ആഘോഷപ്പന്തലുകളിലെ പരവതാനികളുടെ ചുവപ്പുനിറം ഈ തീരമേഖലയിലും തിരുവനന്തപുരം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും ചൊരിയപ്പെട്ട രക്തസാക്ഷികളുടെ നിണത്തിൽ ചാലിച്ചെടുത്തതാണ്.

ദീർഘകാല തിരുവനന്തപുരം അതിരൂപതയെ ധീരമായി നയിച്ച സൂസപാക്യം പിതാവിനെ തീർച്ചയായും തീരദേശ ജനത മറക്കില്ല. തലസ്ഥാന നഗരിയുടെ മതേതര കൂടിവരവുകളിൽ അനിവാര്യമായ സാന്നിദ്ധ്യമായിരുന്നു സൂസപാക്യം പിതാവ്.



ഒരു പുഞ്ചിരിയിൽ, ക്രിസ്തുസാന്നിധ്യത്തിന്റെ വസന്തം വിടർത്താനാകുന്ന ആത്മീയ സാരഥിയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതാദ്ധ്യക്ഷനായി ഇന്ന് അഭിഷേകം ചെയ്യപ്പെടുന്ന തോമസ് ജെ. നെറ്റോ പിതാവ്. കേരളസഭയുടെ ഉണർവിന്റെ പടവുകളിലേക്ക് വിശ്വാസികളെ കൈപിടിച്ചുനടത്താൻ അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിന് ദൈവം ശക്തിപകരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

# പ്രതീക്ഷയും പ്രാർത്ഥനയും സഫലമാക്കിയ ദൈവസമ്മാനം

**ഡോ. ക്രിസ്തുദാസ് ആർ.**
തിരുവനന്തപുരം അതിരൂപത
സഹായമെത്രാൻ



വിവിധ മതങ്ങളും ജനങ്ങളും ഒരുമിച്ച് വസിക്കുന്ന തിരുവനന്തപുരത്തിന് പുതിയ ആത്മീയാചാര്യൻ. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ കർമ്മ മണ്ഡലം കൂടിയായ തിരുവനന്തപുരം ലത്തീൻ അതിരൂപത ആ വലിയ പ്രേഷിതന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ നാലാം ശതാബ്ദി ആഘോഷിക്കുകയും രൂപതയ്ക്ക് 85 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന ധന്യവേളയിലാണ് ആർച്ച് ബിഷപ്പ് സൂസപാക്യം പിതാവിന്റെ പിൻഗാമിയായി ഡോ. തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്തയായി സ്ഥാനമേൽക്കുന്നത്.

ഇരയിമ്മൻതുറ മുതൽ അയിരൂർ വരെ പരന്നു കിടക്കുന്നതും രണ്ടരലക്ഷത്തിലേറെ വിശ്വാസികൾ ഉൾക്കൊള്ളുന്നതുമായ തിരുവനന്തപുരം അതിരൂപതയുടെ ഭൂരിഭാഗവും മത്സ്യത്തൊഴിലാളികളാണെങ്കിലും കാർഷിക രംഗം ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്തു ജീവിക്കുന്ന നാടാർ, ഈഴവർ, ചേരമർ, ദളിത് എന്നീ വിഭാഗങ്ങളുൾപ്പെടെ വൈവിധ്യമാർന്ന ജനസമൂഹങ്ങൾ ഉൾക്കൊള്ളുന്നതാണ് തിരുവനന്തപുരം അതിരൂപത. തൊട്ടുകൂടായ്മ ജാതി ചിന്ത തുടങ്ങിയ സാമൂഹിക കാരണങ്ങളാൽ പിന്തള്ളപ്പെട്ട് പാർശ്വവൽക്കരിക്കപ്പെട്ട ഈ ജനസമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി കാലാകാലങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സന്യസ്തരും അവരുടെ സേവനങ്ങളും രൂപതയ്ക്ക് എന്നും അഭിമാനമാണ്. തിരുവനന്തപുരം അതിരൂപത വിഭാവനം ചെയ്ത ചെറുസഹായപദ്ധതികൾ പോലും പാവപ്പെട്ട ജനവിഭാഗത്തിന് വലിയ ആശ്വാസമായിരുന്നു. ആരോഗ്യസ്ഥാപനങ്ങളുടെയും ഭിഷഗ്വരന്മാരുടേയും അഭാവം അനുഭവപ്പെട്ടിരുന്ന കാലത്ത് സന്യസ്തരുടെ നേതൃത്വത്തിൽ ഗ്രാമങ്ങളിൽ ആരംഭിച്ച ക്ലിനിക്കുകളും ആരോഗ്യ പ്രവർത്തനങ്ങളും മൊബൈൽ മരുന്ന് വിതരണ

വുമൊക്കെ ആരോഗ്യപരിപാലനരംഗത്ത് വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. പള്ളികളോടൊപ്പം സ്ഥാപിക്കപ്പെട്ട സ്കൂളുകൾ ഇന്നാട്ടിലെ വിദ്യാഭ്യാസവിപ്ലവത്തിൽ വഹിച്ച പങ്ക് ചെറുതല്ല.

തിരുവനന്തപുരത്തെ ആദ്യ മെത്രാനായ ബിഷപ്പ് വിൻസെന്റ് ഡെരേര പിതാവിൽ നിന്ന് ആരംഭിച്ച വികസന സ്വപ്നങ്ങൾക്ക് വേഗം കൈവരുന്നത് ആദ്യ തദ്ദേശീയ മെത്രാനായി ബിഷപ്പ് പീറ്റർ ബർണാഡ് പെരേര എത്തുന്നതോടെയാണ്. ഈ സമൂഹത്തിന്റെ പുനരുദ്ധാരണത്തിനും ഭൗതിക പുരോഗതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പെരേര തിരുമേനി നിർണ്ണായക പങ്കുവഹിച്ചു. പിതാവ് വിഭാവനം ചെയ്ത തൊഴിൽ സ്ഥാപനങ്ങളും സ്കൂളുകളും രൂപതയിൽ ആകമാനം ഇന്നും ദർശിക്കുവാൻ കഴിയും. ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയ്ക്ക് ശേഷം രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റ ജേക്കബ്ബ് അച്ചാരുപറമ്പിൽ ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ആത്മീയതയും സാമൂഹിക പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടുപോകുന്നതിനും പ്രത്യേകിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനും അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു.

ജനകീയ അടിത്തറയിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തിരുവനന്തപുരത്തെ പ്രാദേശിക സമൂഹത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾക്കിടയിൽ ബിഷപ്പ് ജേക്കബ്ബ് അച്ചാരുപറമ്പിൽ രോഗബാധിതനാകുകയും തുടർന്ന് ഡോ. എം. സൂസപാക്യം പിതാവ് രൂപതാദ്ധ്യക്ഷനായി ചുമതല ഏൽക്കുകയുമായിരുന്നു. തുടർന്നിങ്ങോട്ട് തിരുവനന്തപുരം രൂപതയെ നവോത്ഥാന പാതയിലൂടെ കൈപിടിച്ചു നടത്തി. നിരവധി വികസന–സാമൂഹ്യക്ഷേമ സാധുജന സമുദ്ധാരണ പദ്ധതികൾ നടപ്പിലാക്കി. അതുവഴി ഏവരുടെയും സ്നേഹാദരവുകൾ ഏറ്റുവാങ്ങിയ മഹനീയ വ്യക്തിത്വമാണ് ഡോ. സൂസപാക്യം.

ശുശ്രൂഷാദൗത്യം ഏറ്റെടുത്ത സൂസപാക്യം പിതാവ് തന്റെ മുൻഗാമികൾ ചെയ്ത നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനൊപ്പം സാധാരണക്കാരന് അഭിപ്രായം പറയാനും അവനെ കേൾക്കാനും വചനം പങ്കുവയ്ക്കുവാനുമുള്ള വേദിയായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ രൂപീകരിച്ചു. അതുവഴി ആഗോളതലത്തിൽ അദ്ദേഹം ശ്രദ്ധേയനായി. വികേന്ദ്രീകരണ ശൈലിയിലൂടെ ശുശ്രൂഷാപ്രവർത്തനങ്ങൾക്ക് ഒരു പുത്തൻ ഘടന നടപ്പിലാക്കുകയും, എക്കാലത്തെയും സാമൂഹിക തിന്മയായ മദ്യത്തിനെതിരെ അതിശക്തമായി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ജാതി–മത രാഷ്ട്രീയ ചിന്തകൾക്കപ്പുറം മദ്യവിരുദ്ധ സമൂഹവും ഗ്രാമങ്ങളും സ്വപ്നം കണ്ട അദ്ദേഹം കേരളസമൂഹത്തോടൊപ്പം ചേർന്നുനിന്നു. തന്റെ കൂടെയുള്ള വൈദികരെയും തന്റെ പ്രദേശത്തുള്ള വിദഗ്ദ്ധരെയും ഉൾപ്പെടുത്തി സാമൂഹിക പഠനങ്ങൾക്കും, പ്രാദേശിക വികസനത്തിനും വികേന്ദ്രീകരണ ആസൂത്രണത്തിനും തുടക്കം കുറിച്ചു. ഓഖി, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവരുടെ വീടുകൾ സന്ദർശിച്ചും ആശ്വസിപ്പിച്ചും സഹായിച്ചും അവരോടൊപ്പം നിൽക്കുകയും കേരളത്തിന്റെ രക്ഷാസൈന്യമായി മാറിയ മത്സ്യത്തൊഴിലാളികൾക്ക് ആവേശവും കരുത്തുമായി മാറിയ സൂസപാക്യം പിതാവിനെ മലയാളിക്ക് മറക്കാനാവില്ല.

ഒരു വിശ്വാസസമൂഹം പങ്കാളിത്ത അധിഷ്ഠിത ദൈവകേന്ദ്രീകൃത മനുഷ്യസ്നേഹത്തിലും പ്രപഞ്ച സ്നേഹത്തിലും ഇവിടെ വളർന്നു കൊണ്ടിരിക്കുന്നു. ഈ വളർച്ചയുടെ പാതയിൽ അജഗണത്തെ തുടർന്നു നയിക്കാൻ ദൈവം ഒരുക്കിയ പുതിയ ഇടയനാണ് അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവ്. പ്രതീക്ഷയ്ക്കൊത്തൊരു മെത്രാപ്പൊലീത്തയെ തന്നെയാണ് ആർച്ച് ബിഷപ്പായി ദൈവം നൽകിയത്.




സൂസപാക്യം പിതാവിന്റെ സെക്രട്ടറിയായി ഞാൻ ചുമതലയേൽക്കുമ്പോഴാണ് അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിനെ പരിചയപ്പെടുന്നതും അടുത്തിടപഴകുന്നതും. തുടർന്ന് അക്കാലത്തുതന്നെ അദ്ദേഹം ഉപരിപഠനത്തിനായി റോമിലേക്ക് പോവുകയും ചെയ്തു. പഠനം കഴിഞ്ഞ് തിരികെയെത്തിയപ്പോഴാണ് അദ്ദേഹവുമായി കൂടുതൽ അടുക്കുന്നതും സൗഹൃദം സ്ഥാപിക്കുന്നതും. ബിഷപ്പ്സ് ഹൗസിലെ കൂട്ടായ്മയുടെ ഭാഗമായി ഒരുമിച്ചുണ്ടായിരുന്നതുകൊണ്ട് വ്യക്തിപരമായി നെറ്റോ പിതാവിനെ അറിയാൻ സാധിച്ചിട്ടുണ്ട്. കുറേയേറെക്കാലം ഒരുമിച്ചു പ്രാർത്ഥിക്കുകയും ഒരുമിച്ചു ഭക്ഷിക്കുകയും ഒരുമിച്ച് ബാഡ്മിന്റൻ കളിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തെ കൂടുതൽ അടുത്തറിയാൻ കഴിഞ്ഞു. കൂടെ പ്രവർത്തിക്കുന്നവരെ അതിവേഗം സുഹൃത്തുക്കളാക്കിമാറ്റുന്ന സവിശേഷഗുണം അദ്ദേഹത്തിനുണ്ട്. ദീർഘകാലം അതിരൂപതയുടെ പല സമിതികളിലും ശുശ്രൂഷകളിലും, ശുശ്രൂഷകളുടെ ഏകോപനത്തിലും പങ്കാളിയായതുകൊണ്ട് അതിരൂപതയുടെ ആത്മാവറിയുന്ന അനുഭവസമ്പത്തുള്ളൊരു പിതാവിനെയാണ് അദ്ദേഹത്തിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. അദ്ദേഹത്തോടൊപ്പമുള്ള ഓരോ ചർച്ചകളിലും പങ്കുവയ്ക്കലുകളിലും രൂപതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ബോധ്യങ്ങളും സ്വപ്നങ്ങളും സുവ്യക്തമായിരുന്നു. നമ്മുടെ പ്രാദേശിക സഭയുടെ പങ്കാളിത്തശൈലിക്ക് യോജ്യമായ പ്രവർത്തനരീതിയാണ് അദ്ദേഹത്തിന്റേത് എന്നതിൽ സംശയമില്ല. മറ്റുള്ളവർക്ക് മുമ്പിൽ കാര്യങ്ങൾ പഠിച്ച് അടുക്കും ചിട്ടയോടും കൂടി അവതരിപ്പിക്കുകയും വാക്കുകൾ അളന്നു മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന പിതാവിന്റെശൈലി വ്യക്തിബന്ധങ്ങളിലും, കർമ്മമേഖലകളിലും സഹായമാകും.

സൂസപാക്യം പിതാവിന്റെ വിരമിക്കലിനുശേഷം അതിരൂപത പുതിയൊരു പിതാവിനെ ഏറെ പ്രതീക്ഷയോടും പ്രാർത്ഥനയോടും കൂടി കാത്തിരിക്കുകയായിരുന്നു. നമ്മുടെ സഭയ്ക്ക് അനുയോജ്യനായ ഒരു ഇടയനെയാണ് ദൈവം നൽകിയിട്ടുള്ളതെന്ന് നിസ്സംശയം പറയാം. ദൈവത്തിന് നന്ദി പറയാം.

ആഴമായ വിശ്വാസത്തിൽ വേരൂന്നിയ പ്രവർത്തനങ്ങളിലൂടെ അടിസ്ഥാന സൗകര്യവികസനത്തിലും വിദ്യാഭ്യാസ – സാമ്പത്തിക – സാംസ്കാരിക മേഖലകളിലുമെല്ലാം ഏറെ മുന്നോട്ടുപോകാൻ തോമസ് ജെ. നെറ്റോ പിതാവിന്റെ നേതൃത്വം രൂപതയ്ക്ക് സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു. ആ പ്രവർത്തനങ്ങളിൽ സഹകാരികളായി നമുക്കൊപ്പം ചേരാം.



# തിരുവനന്തപുരം അതിരൂപതയുടെ ജ്ഞാനസ്നാനവഴികൾ ചരിത്രവഴികൾ



**ഇഗ്നേഷ്യസ് തോമസ്** MA., BEd

84 വർഷങ്ങൾക്ക് മുമ്പ് ജന്മം കൊണ്ട തിരുവനന്തപുരം അതിരൂപതയ്ക്കു മഹത്തായ ചരിത്ര പാരമ്പര്യമുണ്ട്. ക്രിസ്തു ശിഷ്യനായ സെന്റ് തോമസ്സിൽ നിന്നാരംഭിച്ച് വിശുദ്ധ ഫ്രാൻസിസ് സേവ്യറിലൂടെയും, ത്യാഗധനരായ മിഷണറിമാരിലൂടെയും വിശ്വാസവെളിച്ചം സ്വീകരിച്ചവരാണ് ഈ രൂപതയിലെ വിശ്വാസികൾ. തിരുവനന്തപുരം അതിരൂപതയുടെ ചരിത്രം പഴയ തിരുവിതാംകൂർ രാജ്യത്തിന്റെ ഭൂവിഭാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

കന്യാകുമാരി ജില്ലയിലെ കൽക്കുളം താലൂക്കിൽ സ്ഥിതിചെയ്യുന്ന തിരുവിതാങ്കോട് ദേവാലയം അപ്പോസ്തലിക കാലഘട്ടത്തിൽ തന്നെ സ്ഥാപിക്കപ്പെട്ടതായി ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. കന്യാകുമാരിക്കടുത്തുള്ള കുമരിമുട്ടം പള്ളിയിൽ വിളക്കു വയ്ക്കുന്നതിനും എണ്ണ ഒഴിക്കുന്നതിനുമായി വേണാട്ടു രാജാവ് അനുവദിച്ചുകൊടുത്ത പ്രത്യേകാവകാശങ്ങളെക്കുറിച്ചുള്ള ശിലാരേഖകൾ കൊല്ലവർഷം 669-494 A.D-യിൽ ആലേഖനം ചെയ്യപ്പെട്ടവയാണ്.

സുവിശേഷ പ്രചരണാർത്ഥം യൂറോപ്യൻ മിഷണറിമാർ ഇന്ത്യയിലേക്ക് പ്രവഹിക്കുവാൻ

തുടങ്ങിയത് പതിമൂന്നാംനൂറ്റാണ്ടിന്റെ ആരംഭംമുതലാണ്. ബോംബെ താനെ മേഖല കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച ഫ്രാൻസിസ്കൻ മിഷണറിമാർ തങ്ങളുടെ പ്രവർത്തനം മലബാർ തീരം മുതൽ കന്യാകുമാരിവരെ വ്യാപിപ്പിച്ചു. 1329 ആഗസ്റ്റ് 9-0 തീയതി ജോൺ 22-ാമൻ മാർപ്പാപ്പയുടെ കാലത്ത് കൊല്ലം രൂപത സ്ഥാപിതമായതോടുകൂടി ഈ പ്രദേശങ്ങളിലെ സുവിശേഷ പ്രചാരണത്തിന് ആക്കംകൂടി. ജോർദ്ദാനസ് കറ്റലാനിയായിരുന്നു കൊല്ലം രൂപതയുടെ പ്രഥമ മെത്രാൻ.

**പോർട്ടുഗീസ് മിഷണറിമാർ**

ഇന്ത്യയിൽ സുസംഘടിതവും സംഘാതവുമായ സുവിശേഷ പ്രചാരണത്തിന് തുടക്കം കുറിച്ചത് പോർട്ടുഗസ് മിഷണറിമാരാണ്. ഡോമിനിക്കൻ, ഫ്രാൻസിസ്കൻ, അഗസ്റ്റീനിയൻ, ജസ്യൂട്ട് എന്നീ സന്യാസ വിഭാഗങ്ങളിൽ നിന്നായി നിരവധി വൈദികർ മലബാർ തീരങ്ങളിൽ മിഷൻ പ്രവർത്തനത്തിനായി എത്തിച്ചേർന്നു. അവരുടെ പ്രവർത്തനഫലമായി ആയിരക്കണക്കിനാളുകളെ ക്രിസ്തുമതാവലംബികളാക്കി മാറ്റാനും അനേകം പുതിയ ദേവാലയങ്ങൾ സ്ഥാപിക്കാനും കഴിഞ്ഞു. തിരുവനന്തപുരം നഗരത്തിലെ ആദ്യ ദേവാലയം 1538-ൽ വലിയതുറയിൽ സ്ഥാപിതമായി.

തീരദേശങ്ങളിൽ സുവിശേഷപ്രചാരണം നടത്തുകയും തീരദേശവാസികളെ ക്രിസ്തുമതത്തിലേക്ക് സ്വീകരിക്കുകയും ചെയ്ത മിഷനറിമാരുടെ കൂട്ടത്തിൽ പ്രത്യേകം അനുസ്മരിക്കപ്പെടേണ്ടത് വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെയാണ്. ഈ രൂപതയിലെ തീരദേശവാസികളിലധികവും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ മാനസാന്തര പ്രവർത്തനത്തിന്റെ ഫലമായി വിശ്വാസം സ്വീകരിച്ചവരാണ്. തിരുവിതാംകൂറിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യർ പണികഴിപ്പിച്ച ആദ്യ ദേവാലയമായിരുന്നു മാമ്പള്ളിയിലെ പരിശുദ്ധാത്രൂപിയുടെ ദേവാലയം. പതിമൂന്നാം നൂറ്റാണ്ടുമുതൽ ഇന്ത്യയിലെത്തിച്ചേർന്ന യൂറോപ്യൻ മിഷനറിമാരുടെ തീവ്രമായ സുവിശേഷ പ്രചാരണംമൂലം വിശ്വാസികളുടെ സംഖ്യ അനുക്രമമായി വർധിക്കാൻ തുടങ്ങി. വിശ്വാസികളുടെ വർദ്ധന കണക്കിലെടുത്ത് പ്രേഷിതപ്രവർത്തനം ഊർജിതമാക്കാൻ 1557-ൽ കൊച്ചി രൂപത സ്ഥാപിതമായി. ഇന്ത്യയിലെ ഈശോസഭാ കേന്ദ്രമായിരുന്ന ഗോവാ പ്രോവിൻസിനെ വിഭജിച്ച് കൊച്ചി കേന്ദ്രമാക്കി മലബാർ പ്രോവിൻസ് ഈ കാലഘട്ടത്തിൽ രൂപം കൊണ്ടു. തുടർന്ന് ഈശോസഭ വൈദികരുടെ പ്രവർത്തനം ഈ മേഖലയിൽ കൂടുതൽ ശക്തമായി പോർട്ടുഗീസുകാരെ പിന്തുടർന്നു കച്ചവടത്തിനായി വന്ന ഡച്ചുകാർ 1663-ൽ കൊച്ചി പിടിച്ചടക്കി. ഈശോ സഭക്കാർ ഉൾപ്പെടെയുള്ള എല്ലാ വൈദികരേയും കൊച്ചിയിൽ നിന്ന് പുറത്താക്കി. ഇതേത്തുടർന്നു കൊച്ചിയിലെ ഈശോസഭാ ആസ്ഥാനം കുളച്ചലിലേക്കും പിൽക്കാലത്ത് പൂത്തുറയിലേക്കും മാറ്റുകയുണ്ടായി. 1721-ൽ കൊച്ചി മെത്രാനായിരുന്ന ഫ്രാൻസിസ് ദേവീസ് ഗൊൺസാലസ് S.J , മാമ്പള്ളിയിൽ താമസിച്ചുകൊണ്ട് ഫ്രാൻസിസ് സേവ്യർ സ്ഥാപിച്ച, പരിശുദ്ധാത്രൂപിയുടെ ദേവാലയം പുനരുദ്ധരിക്കുകയുണ്ടായി. 1745-ൽ കൊച്ചി മെത്രാനായിരുന്ന ക്ലെമന്റ് ജോസഫ് കൊളാഡോ ലെയ്ത്ത്വായ്റ്റും ഡച്ചുകാരെ ഭയന്ന് തിരുവനന്തപുരത്തിനടുത്തുള്ള അഞ്ചുതെങ്ങിൽ താമസിക്കേണ്ടിവന്നു. കൊച്ചിയിൽ ഡച്ചാധിപത്യം അവസാനിച്ചശേഷം കത്തോലിക്കാ മിഷനറിമാർ ആ പ്രദേശങ്ങളിൽ പ്രവർത്തനം പുനരാരംഭിച്ചു.

**നേമം മിഷൻ**

തിരുവനന്തപുരം പട്ടണത്തിനു സമീപം സ്ഥിതിചെയ്യുന്ന നേമം ക്രേന്ദ്രമാക്കി AD 1700 മുതൽ ഈശോസഭാ വൈദികർ മിഷൻ പ്രവർത്തനം നടത്തിവന്നിരുന്നു. സാംസ്കാരി

കാനു രൂപണത്തിലൂടെ തദ്ദേശവാസികളെ ക്രിസ്തുമതത്തിലേക്ക് ഈ വൈദികർക്കാകർഷിക്കുവാൻ സാധിച്ചു. സവർണ്ണ സമുദായത്തിലെ വളരെയധികംപേർ ഈ കാലഘട്ടത്തിൽ വിശ്വാസം സ്വീകരിച്ചു. 1758–ൽ ഈശോസഭ നിർത്തലാക്കിയതോടെ നേമം മിഷനും പ്രവർത്തനരഹിതമായി.

**കർമ്മലീത്താമിഷണറിമാരും ബിഷപ്പ് ബെൻസിഗറും**

കൊല്ലം വികാരിയത്തിനെ ലിയോപതിമൂന്നാമൻ മാർപാപ്പാ 1886–ൽ ഒരു സമ്പൂർണ്ണ രൂപതയായി ഉയർത്തി. ഫെർഡിനൻഡ് ഓസിയെ മെത്രാനായി നിയമിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ സഹമെത്രാനായി ബിഷപ്പ് ബെൻസിഗർ 1900–ൽ നിയമിതനായി. 1905–ൽ ബിഷപ്പ് ബെൻസിഗർ കൊല്ലം രൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തു. പുണ്യപുരുഷനും കറയറ്റ മിഷനറിയുമായിരുന്ന ബിഷപ്പ് ബെൻസിഗറിന്റെ കാലത്താണ് തിരുവനന്തപുരം രൂപതയിൽ മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നേറിയത്. തന്റെ നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ പ്രവർത്തനങ്ങളിലൂടെ അനേകായിരം പേർക്ക് വിശ്വാസ ചൈതന്യം പകർന്നു കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ബിഷപ്പ് ബെൻസിഗറും കത്തോലിക്കാ മിഷണറിമാരും തെക്കൻ കേരളത്തിൽ അവശവിഭാഗങ്ങളുടെയിടയിൽ നടത്തിയ വിദ്യാഭ്യാസ സാമൂഹ്യപ്രവർത്തനങ്ങൾ ഇനിയും ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടില്ല എന്ന വസ്തുത ദുഃഖകരമത്രെ.
നെയ്യാറ്റിൻകര മിഷൻ 1905–ൽ സ്ഥാപിതമായശേഷം ബിഷപ്പ് ബെൻസിഗറും കർമ്മലീത്താ വൈദികരും ഇവിടം കേന്ദ്രീകരിച്ച് മാനസാന്തര വേലകളിൽ മുഴുകി.

**മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനം**

മിഷൻ പ്രവർത്തനത്തോടൊപ്പം വിദേശ വൈദികരും നാട്ടുകാരായ വൈദികരും വിവിധ സ്ഥലങ്ങളിൽ പ്രൈമറി വിദ്യാലയങ്ങൾ തുറക്കുകയും പ്രാഥമിക വിദ്യാഭ്യാസം നേടാൻ തദ്ദേശവാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ മിഷണറിമാർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ നാനാജാതി മതസ്ഥർക്ക് സൗജന്യവും സാർവജനീനവുമായ വിദ്യാഭ്യാസം നൽകി. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പ്രചാരം തന്നെയാണ് ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായ സാമൂഹ്യ പരിവർത്തനത്തിന് മുഖ്യകാരണം. ഇതുമൂലം ജാതിവ്യവസ്ഥയുടെ കാഠിന്യം കുറയ്ക്കുവാനും അയിത്താചരണം പോലെയുള്ള സാമൂഹ്യ തിന്മകൾ ഇല്ലാതാക്കാനും കഴിഞ്ഞു. തിരുവനന്തപുരം നഗരത്തിലെ പ്രശസ്തങ്ങളായ ഹോളി എയ്ഞ്ചൽസും (1880–ലും) സെന്റ് ജോസഫ്സ് സ്കൂളും (1903–ലും) ഇക്കാലത്തു സ്ഥാപിതമായി. ഈ രണ്ട് വിദ്യാലയങ്ങളും തിരുവനന്തപുരം നഗരത്തിലെ പ്രശസ്ത വിദ്യാലയങ്ങളായി തുടക്കം മുതൽ തന്നെ ഉന്നത പാരമ്പര്യം പുലർത്തിപോരുന്നു.

1937 ജൂലൈ 10–ന് 11–ാം പീയൂസ് പതിനൊന്നാമൻ മാർപാപ്പ ഇൻഓറ മലബാറിക്ക എന്ന തിരുവെഴുത്തിലൂടെ കൊല്ലം രൂപത വിഭജിച്ച് തിരുവനന്തപുരം രൂപത സ്ഥാപിച്ചു. കൊല്ലം രൂപതയുടെ മെത്രാനായിരുന്ന വിൻസെന്റ് ദെരേരയെ, തിരുവനന്തപുരം രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. 1955 മെയ് 10 ന് കൊച്ചി രൂപതയുടെ ഭാഗമായിരുന്ന പള്ളിത്തുറമുതൽ ഇരയിമ്മൻതുറ വരെയുള്ള ഇടവകകളെ തിരുവനന്തപുരം രൂപതയിൽ ലയിപ്പിച്ചു.



# പത്രാധിപരായിരുന്ന മെത്രാപ്പൊലീത്ത


**അഗസ്റ്റിൻ കണിപ്പിള്ളി**



നല്ലൊരു പത്രാധിപരുടെ കീഴിൽ പ്രവർത്തിക്കാൻ ഇടയാകുകയെന്നത് ഒരു പത്രപ്രവർത്തകന്റെ ജീവിതത്തിലെ സുകൃതാനുഭൂതികളിൽ ഒന്നാണ്. അതേപ്പറ്റിയുള്ള ഓർമ്മകൾ ജീവിതാന്ത്യംവരെ നിലനിൽക്കും. കാരണം അതു നൽകുന്നത് സ്നേഹഭാഷണത്തിന്റെയും വിട്ടുവീഴ്ചയുടെയും വിട്ടുനൽകലിന്റെയും അംഗീകാരത്തിന്റെയും പൊരുത്തപ്പെടലിന്റെയും കൂട്ടായ്മയുടെയും സഹവർത്തിത്വമാണ്. അത്തരത്തിലുള്ള ഒരു പത്രാധിപരെ ഡോ. തോമസ് ജെ. നെറ്റോയിൽ കാണാൻ കഴിഞ്ഞു എന്നതിൽ ചാരിതാർഥ്യം തോന്നി.

തിരുവനന്തപുരം അതിരൂപതാ പ്രസിദ്ധീകരണമായ ജീവനും വെളിച്ചത്തിന്റെ പത്രാധിപ സ്ഥാനം 2015 ലാണ് ഡോ. തോമസ് ജെ. നെറ്റോ ഏറ്റെടുക്കുന്നത്. 2020 വരെ ആ ചുമതലയിൽ അദ്ദേഹം തുടരുകയും ചെയ്തു. വ്യക്തിപരമായി ഏറെ അടുപ്പമോ അറിവോ ഇല്ലായിരുന്നതിനാലും ലഭ്യമായ സൂചനകളും സ്വതസ്സിദ്ധമായ അദ്ദേഹത്തിന്റെ തലയെടുപ്പുള്ള ആകാരപ്രകൃതിയും കാർക്കശ്യക്കാരനായ ഒരു പത്രാധിപരായിരിക്കുമെന്ന തോന്നലാണ് ആദ്യം എന്നിലുണ്ടാക്കിയത്.

എന്നാൽ ചൈതന്യവത്തായ നയനയുഗ്മവും വശ്യമായ പുഞ്ചിരിയും മറ്റുള്ളവരെ ഉൾക്കൊള്ളാനും അംഗീകരിക്കാനുമുള്ള അദ്ദേഹത്തിന്റെ വിശാലമനസ്കതയും എന്റെ ആ തോന്നലുകൾ അസ്ഥാനത്താണെന്ന് തെളിയിച്ചു. പിന്നീടങ്ങോട്ടുള്ള അഞ്ചുവർഷ




ക്കാലം സഹവർത്തിത്വത്തിന്റെ സുവർണകാലഘട്ട മായിരുന്നു.

അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുനൽകി പിന്നിൽനിന്ന് പ്രോത്സാഹിപ്പിക്കുന്ന നേതൃത്വ മാതൃകയുടെ ഉൽബുദ്ധമായ വ്യക്തിപ്രഭാവമാണ് ഡോ. തോമസ് ജെ. നെറ്റോ പ്രകടിപ്പിച്ചിരുന്നത്. മാസികയിലേക്കുള്ള വിഷയങ്ങൾ പത്രാധിപ സമിതി തെരഞ്ഞെടുത്തുകഴിഞ്ഞാൽ പിന്നെ തുടർ പ്രവർത്തനങ്ങൾക്ക് പ്രായോഗികമായ ഒരു പ്രവർത്തനസ്വാതന്ത്ര്യം ഉണ്ട്. അത് അദ്ദേഹം ബോധപൂർവ്വം അനുവദിക്കുന്നതാണ്. അതേസമയം, മാസികയിലേക്കുള്ള സൃഷ്ടികളുടെ ആശയ–പ്രായോഗിക–ആഖ്യാനശൈലിയെ അദ്ദേഹം സസൂക്ഷ്മം നിരീക്ഷിക്കുകയും വിലയിരുത്തുകയും തിരുത്തുകയും ചെയ്തിരുന്നു. ഇത് അനുവദനീയമായ സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്വം എത്രയോ മഹത്തരമെന്ന് ഓർമ്മപ്പെടുത്തുന്നതായിരുന്നു. അതുകൊണ്ടുതന്നെ ആ നിഷ്കർഷത പാലിക്കാനുള്ള ശ്രമം ജീവനും വെളിച്ചത്തിന്റെ ഓരോ ലക്കത്തെയും കുറ്റമറ്റതാക്കിത്തീർക്കുകയും ചെയ്തു. ജീവനും വെളിച്ചത്തിലേക്കുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിലും ആത്മീയവും ഭൗതികവും സമകാലികവുമായ വിഷയങ്ങൾ അവധാനതയോടെ എഴുതുന്നതിലും കൈകാര്യം ചെയ്യുന്നതിലും പത്രാധിപർ എന്ന നിലയിൽ ഡോ. തോമസ് ജെ. നെറ്റോ പുലർത്തിപ്പോന്ന നിശ്ചയദാർഢ്യപരമായ ഔത്സുക്യത്തെ പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം മാസികയുടെ പ്രചരണത്തിലും പ്രചാരത്തിലും അദ്ദേഹം കാണിച്ച താല്പര്യവും പ്രോത്സാഹനവും പ്രവർത്തനവും വിസ്മരിക്കാനാവുന്നതല്ല. ഞായറാഴ്ചകളിൽ ഇടവകകൾ സന്ദർശിച്ച് ദിവ്യബലി അർപ്പിക്കുകയും ജീവനും വെളിച്ചവും മാസികയുടെ ആവശ്യകതയും അനിവാര്യതയും ചൂണ്ടിക്കാട്ടി അതിനുണ്ടാകേണ്ട പ്രചാരത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തിരുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ അദ്ദേഹത്തോടൊപ്പം പങ്കുചേരാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം ഞാൻ മറച്ചുവയ്ക്കുന്നില്ല.

അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ സ്ഥാനത്തുനിന്നുമാറി മുരുക്കുംപുഴ സെന്റ് അഗസ്റ്റിൻസ് ഇടവക വികാരി ആയതോടെ ജീവനും വെളിച്ചത്തിന്റെ പ്രചാരണപ്രവർത്തനങ്ങൾ സാധ്യമല്ലാതെ വന്നു. പിന്നീടങ്ങോട്ട് വായനയിലും പ്രാർഥനയിലും ആകൃഷ്ടനായ ഒരു ഇടവക വികാരിയായ പത്രാധിപരെയാണ് ഡോ. തോമസ് ജെ. നെറ്റോയിൽ കണ്ടത്. അച്ചടി സജ്ജമായ ജീവനും വെളിച്ചവും മാസിക ആദ്യവസാനം ഒരു വാക്കുപോലും വിടാതെ വായിച്ച് അക്ഷരത്തെറ്റുകളും ആശയങ്ങളും തിരുത്തുന്നതിലും ചില എഴുത്തുകാരുടെ ആശയാവിഷ്കാരത്തോടുള്ള വിയോജിപ്പും ഭിന്നാഭിപ്രായങ്ങളും യാതൊരു മറയുമില്ലാതെ പ്രകടിപ്പിക്കുന്നതിനും ഡോ. തോമസ് ജെ. നെറ്റോ കാണിച്ച പ്രായോഗിക സമീപനം അദ്ദേഹത്തെ അനുകരണയോഗ്യനായ ഒരു പത്രാധിപരെന്ന നിലയിലേക്കുയർത്തി. ജീവനും വെളിച്ചവും ഓഫീസിൽ കംപ്യൂട്ടറിന്റെ മുന്നിലിരുന്ന് തന്റെ സൃഷ്ടികൾ ടൈപ്പ് ചെയ്യാനായി ഡിറ്റിപി ഓപ്പറേറ്റർക്ക് വായിച്ചുകൊടുക്കുന്ന ഡോ. തോമസ് ജെ. നെറ്റോ ഇന്നും ഞങ്ങളുടെ കൺമുന്നിലെ വിസ്മയമാണ്. അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമാകുന്ന ഒളിവിതറിയ സൗമ്യഭാവവും സ്നേഹ ശീതളിമയും ആ ആദർശ ജീവിതത്തിന്റെ വിജയമുദ്രകളാണ്. പൗരോഹിത്യവും പത്രപ്രവർത്തനവും സാമൂഹികമായ ലക്ഷ്യബോധത്തോടെയുള്ള ഒരു സമർപ്പിത തപസ്യയാണെന്ന് സ്വന്തം ജീവിതത്തിലൂടെ തെളിയിച്ച ധിഷണാസമ്പന്നമായ ഒരു വ്യക്തിത്വമാണ് ഡോ. തോമസ് ജെ. നെറ്റോയുടേത്.



**Congratulations & prayerful Greetings to**

# Archbishop Thomas J. Netto

*from*



**THE SYRO-MALANKARA CATHOLIC CHURCH**

**MAJOR ARCHDIOCESE OF TRIVANDRUM**



# സുവിശേഷ മൂല്യങ്ങളിൽ പടുത്തുയർത്തുന്ന ജീവിതനവീകരണം ലക്ഷ്യമാക്കിയ ഇടയശ്രേഷ്ഠൻ

**പീറ്റർ കട്ടികാട്ട്**



മോൺസിഞ്ഞോർ തോമസ് ജെ നെറ്റോ തിരുവനന്തപുരം ലത്തീൻ അതിരൂപതാ അദ്ധ്യക്ഷനായി നിയമിതനാകുന്നു എന്ന വാർത്ത, അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെയുള്ള പങ്കാളിത്ത ക്രൈസ്തവ ജീവിത സാക്ഷ്യം അതിരൂപതയിൽ ശക്തിപ്പെടാൻ പോകുന്നു എന്ന പ്രത്യാശയുടെ ചിന്തകളാണ് എന്നിൽ ഉണർത്തിയത്.

കഴിഞ്ഞ 12 വർഷമായി മോൺ. തോമസ് ജെ നെറ്റോ മുഖ്യമായും, രൂപതാ ശുശ്രൂഷകളെയും, ഗുണഭോക്താക്കളിലേയ്ക്ക ആ ശുശ്രൂഷകൾ സംവഹിക്കപ്പെടേണ്ട രൂപതാ സംവിധാനങ്ങളെയും സുവിശേഷവല്ക്കരണമെന്ന ഏക ലക്ഷ്യത്തിലേയ്ക്ക് ഏകോപിപ്പിക്കുന്ന അതിരൂപതാതല ഉത്തരവാദിത്വമാണ് നിർവ്വഹിച്ചുവന്നത്. അതിരൂപതാ ബി. സി . സി.

കമ്മീഷൻ ഉൾപ്പെടുന്ന ശുശ്രൂഷാ ബോർഡുകളുടെ കോഓർഡിനേറ്ററായി മോൺ. തോമസ് ജെ നെറ്റോ ചുമതലയേറ്റ 2010 മുതൽ 8 വർഷം അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച കാലയളവിൽ, കർമ്മ മേഖലയിൽ അദ്ദേഹം പ്രകടമാക്കിയ നൈപുണ്യം അനുഭവിച്ചറിയാൻ എനിക്ക് ഭാഗ്യമുണ്ടായി.

പങ്കാളിത്ത സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം പ്രകടിപ്പിച്ച പാടവം, 2014 ൽ അദ്ദേഹത്തെ ശുശ്രൂഷകൾക്കുള്ള എപ്പിസ്കോപ്പൽ വികാരിയായും, തുടർന്ന്, 2021 ൽ അതിരൂപതാ ശുശ്രൂഷാ – കമ്മീഷനുകളുടെ കോ ഓർഡിനേറ്ററായുള്ള പുനർനിയമനത്തിനും യോഗ്യനാക്കി. ഇനി അദ്ദേഹം ആർച്ചുബിഷപ് എന്ന നിലയിലായിരിക്കും, യേശു വിഭാവന ചെയ്യും വിധമുള്ള ഒരു പങ്കാളിത്തപൂർണ്ണ സാക്ഷ്യസമൂഹമായി തിരുവനന്തപുരം അതിരൂപതയെ ദൈവകൃപയിൽ ഐശ്വര്യത്തിലേയ്ക്കു നയിക്കുക.

അഭിവന്ദ്യ നെറ്റോ പിതാവ് അദ്ധ്യക്ഷനായി നിയമിതനായിരിക്കുന്ന ഈ അതിരൂപതയുടെ പശ്ചാത്തലം സവിശേഷ ശ്രദ്ധ അർഹിക്കുന്നു: സുവിശേഷ മൂല്യങ്ങൾക്കടുത്ത ജീവിത നവീകരണ കാഹളം രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളിൽ നിന്ന് ഏറ്റുവാങ്ങി, പ്രതിബദ്ധതയോടെ മുന്നേറുന്ന ഒരു പ്രാദേശിക സഭയുടെ സാരഥിയായിട്ടാണ് നെറ്റോ പിതാവ് ഉത്തരവാദിത്വം ഏല്ക്കുന്നത്.

രൂപതയിലെ പെരിങ്ങമ്മല ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി നെറ്റോ അച്ചൻ (1990 ഫ്രെബുവരി 4) ശുശ്രൂഷാ ജീവിതം ആരംഭിച്ചു. ഹ്രസ്വകാല ഇടവേളകളിലായി പാളയം കത്തീഡ്രൽ സഹവികാരിയായും, പാളയം ലൂയീസ് ഹോസ്റ്റൽ അസിസ്റ്റന്റ് വാർഡനായും രൂപതയുടെ വിശ്വാസഐക്യ സംവാദം (എക്യുമെനിസം ഡയലോഗ്) കമ്മിഷൻ സെക്രട്ടറിയായും രൂപതയിൽ സേവനം അനുഷ്ഠിച്ചു. ഇതേ കാലയളവിൽ, രൂപതയുടെ ആവശ്യങ്ങളറിഞ്ഞുള്ള ഉന്നത പഠനത്തിന് നെറ്റോ അച്ചൻ തയ്യാറാകുകയായിരുന്നു. 1990 നകം അദ്ദേഹം തിരുവനന്തപുരം ലൊയോള കോളെജിൽ നിന്ന് സാമൂഹ്യശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം നേടി. റോമിലെ ഊർബ്ബാനിയാ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഉന്നതപഠനവും, തുടർന്ന്, കോളെജിയോ സാൻ പിയോത്രോയിൽ നിന്ന് സഭാവിജ്ഞാനീയത്തിൽ ഡോക്ടറേറ്റും നേടി. ചെറുസമൂഹങ്ങളിലൂടെയുള്ള സാക്ഷ്യജീവിതം വഴി ഇടവകയെ ഫലപ്രദമായി നവീകരണത്തിലേയ്ക്ക് നയിക്കുന്നതിന് നെറ്റോ അച്ചന് ലഭിച്ച ആദ്യ അവസരമായിരുന്നു (1990–2003) പേട്ട സെന്റ് ആൻസ് വികാരിയായി ശുശ്രൂഷ ചെയ്ത അഞ്ചുവർഷം. അച്ചന്റെ നേതൃത്വത്തിൽ സെന്റ് ആൻസ് ഇടവക സുവിശേഷാത്മക കൂട്ടായ്മയായി ഏറെ വളർന്നു.

വലിയതുറ സെന്റ് ആന്റണീസ് (2009), തോപ്പ് സെന്റ് ആൻസ് (2010– 14), സെന്റ് അഗസ്റ്റിൻസ് മുരുക്കുംപുഴ (2017–21) എന്നീ ഇടവകകൾക്കും ചെറുസമൂഹങ്ങളിലൂടെയുള്ള സുവിശേഷ സാക്ഷ്യജീവിത നവീകരണത്തിന് വികാരി എന്ന നിലയിൽ നെറ്റോ അച്ചന്റെ അജപാലന പരിപാലനം ലഭിക്കുകയുണ്ടായി.

രൂപതയുടെ വൈദിക വിദ്യാർഥികളെ രൂപതാ കാഴ്ചപ്പാടിന് അനുയോജ്യരാക്കുംവിധം വാർത്തെടുക്കുന്നതിനുള്ള ഉത്തവവാദിത്വം ഏറ്റുകൊണ്ട് (2003 – 2010) സെന്റ് വിൻസന്റ്സ് സെമിനാരി റെക്ടറായി ശുശ്രൂഷ ചെയ്തു. ഈ കാലയളവിലും നെറ്റോ അച്ചൻ ഇടവകകളിൽ ബി സി സി ശാക്തീകരണത്തിനും ശുശ്രൂഷാ സംവിധാനങ്ങളുടെ പ്രവർ

ത്തന കാര്യക്ഷമത വളർത്തുന്നതിനുമുള്ള പരിശീലന പരിപാടികളിൽ നിറഞ്ഞുനിന്നു പ്രവർത്തിച്ചു. സെമിനാരി റെക്ടർ ആയിരിക്കേ തന്നെ, 2000–2004, രൂപതാ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറിയായി ചുമതലയേറ്റുകൊണ്ട് രൂപതയിലെ ഇടവകകളിൽ BCC കളെയും ശുശ്രൂഷാ സംവിധാനങ്ങളെയും ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു.

നവീകരണ ലക്ഷ്യത്തോടെ ക്രമീകരിച്ചിട്ടുള്ള ശുശ്രൂഷാ സംവിധാനങ്ങളിൽ വൈദികരെയും സന്ന്യസ്തരെയും നിരതരാക്കുക, പ്രോത്സാഹിപ്പിക്കുക, വൈദികരുടെ ക്ഷേമകാര്യങ്ങൾ അന്വേഷിച്ചു നിർവ്വഹിക്കുക, എന്നീ ലക്ഷ്യങ്ങളോടെയുള്ള ബോർഡ് ഫോർ ക്ലർജി ആന്റ് റിലീജിയസ് ഡയറക്ടർ ചുമതല (2008 – 2010) യും ഹൃദ്യമായ നിലയിൽ അദ്ദേഹം നിർവ്വഹിച്ചുവന്നു. ഏറ്റെടുക്കുന്നതെന്തും കൃത്യതയോടെ, തെറ്റില്ലാതെ, പൂർണ്ണമികവിൽ നിർവ്വഹിക്കുക, സമയമെടുത്ത് പഠിച്ചൊരുങ്ങി മാത്രം ഏതൊരു സംരംഭത്തിനും പുറപ്പെടുക എന്നീ നിഷ്ക്കർഷ നിയുക്ത മെത്രാപ്പോലീത്തയുടെ സവിശേഷതയാണ്.

ചെറുകൂട്ടായ്മകളിൽ, വ്യക്തിതലം വരെ ശുശ്രൂഷകൾ സംവഹിക്കാനും, ഏറ്റം എളിയവൻ ഉൾപ്പെടെ സമസ്ത വിശ്വാസികളെയും ശുശ്രൂഷാ നിർവ്വഹണത്തിലൂടെ സുവിശേഷ സാക്ഷികളാകുന്നതിന് പ്രാപ്തമാക്കാനുള്ള ചില പൊടിക്കൈകൾ പരിശീലന രംഗത്ത് നൈസർഗികമായിത്തന്നെ നെറ്റോ അച്ചന് കൈമുതലായുണ്ട്. അതിരൂപതയുടെ ഇടവകകളിൽ BCC തലത്തിൽ വരെ നേതൃത്വരംഗത്തു വന്നിട്ടുള്ളവർ സകലരും തന്നെ നെറ്റോ അച്ചന്റെ പ്രചോദനാത്മകമായ ക്ലാസുകളോട് ഗൃഹാതുരത്വമുള്ളവരാണ്. എത്രത്തോളം ഏറിയ ഒരു ആൾ ആണെങ്കിലും , തന്റെ കൂട്ടായ്മിൽ തന്റെ നിലയ്ക്കൊത്ത എളിയ ഏതെങ്കിലുമൊരു ശുശ്രൂഷ തനിക്ക് നിർവ്വഹിക്കാനുണ്ട് എന്ന ബോധ്യം ജനിപ്പിക്കുന്നതാണ് അച്ചന്റെ പ്രബോധനരീതി; ഏറ്റം എളിയവൻ പോലും സഭയിലെ പ്രാധാന്യമുള്ള സജീവ അംഗമാണെന്ന് കൂട്ടായ്മകളിലെ സർവ്വരെയും ബോധ്യപ്പെടുത്താൻ തക്ക ലാളിത്യത്തോടെ, സരളമായി, സൗമ്യനായി, മധുരതരമായി ക്ലാസ്സെടുക്കാനുള്ള നൈപുണ്യം നെറ്റോ അച്ചനുണ്ട്. ശാന്തമായി ഹൃദയങ്ങളെ കീഴടക്കുന്ന ശൈലി, കോഓർഡിനേറ്ററായുള്ള പ്രവർത്തനമേഖലയിൽ ഒത്തിരിയേറെ ഫലപ്രദമായ സംഘാടനങ്ങൾക്ക് സഹായകമായിട്ടുണ്ട്.

സൂസപാക്യം പിതാവിന്റെ പൈതൃകത്തിൽ ആദ്യ കോഓർഡിനേറ്റർ മോൺസിഞ്ഞോർ ജെയിംസ് കുലാസും സഹവൈദികരും, 1990 ൽ വാർഷിക പദ്ധതി അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ശൈലി തുടങ്ങിവെച്ചു. മോൺ. തോമസ് നെറ്റോ അതിരൂപതാ ശുശ്രൂഷകളുടെ കോഓർഡിനേറ്ററും (2010) പിന്നീട്, അതിരൂപതാ ശുശ്രൂഷകൾക്കായുള്ള എപ്പിസ്ക്കോപ്പൽ വികാരിയുമായി (2014 – 2017) സ്ഥാനമേറ്റപ്പോൾ, BCC തലം മുതൽ അതിരൂപതാതലം വരെ. ശുശ്രൂഷതലങ്ങളിൽ ചർച്ച ചെയ്തു തയ്യാറാക്കുന്ന ഇടവക–ഫെറോന രൂപത (ത്രിതല) പദ്ധതി അടിസ്ഥാനത്തിലുള്ള ചിട്ടയായ പ്രവർത്തനം അതിരൂപതയുടെ മുഖമുദ്രയാക്കി വളർത്തി.

സൂസപാക്യം മെത്രാപ്പോലീത്തയ്ക്കുള്ള ഉപദേശക സമിതിയിൽ 2007 മുതൽ മോൺ. തോമസ് നെറ്റോ കൺസൾട്ടറായി പ്രവർത്തിച്ചുവരുന്നുണ്ട്. അതിരൂപതയും മുഖപത്രമായ ജീവനും വെളിച്ചവും മാസികയുടെ എഡിറ്റർ എന്ന ഉത്തരവാദിത്വവും (2017–2021) നിയുക്ത മെത്രപ്പോലിത്ത തന്നെയാണ് നിർവ്വഹിച്ചുപോന്നത്; അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുഖപത്രം ഈടുറ്റ മാസികയായി വളർന്നു.



സാധിക്കുമ്പോഴെല്ലാം വൈകുന്നേരങ്ങളിൽ ഷട്ടിൽ കോക്ക് ഗെയിം കളിക്കാൻ ശ്രദ്ധിച്ച് വരുന്ന മോൺ. നെറ്റോ അതിരൂപതയിലെ യുവാക്കളെ ഫുട്ബോൾ താരങ്ങളായി വാർത്തെടുക്കുന്നതിനായി സ്ഥാപിച്ച ലിറ്റിൽ ഫ്ളവർ ഫുട്ബോൾ അക്കാദമി ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നുണ്ട്.

അതിരൂപതാ കോർഡിനേറ്ററുടെ ബൃഹത്തായ പ്രവർത്തന മേഖലയിൽ, വ്യക്തിപരമായി അദ്ദേഹം ഏറ്റെടുത്ത് നിർവ്വഹിക്കുന്നതും മറ്റ് രൂപതകളോട് ബന്ധപ്പെട്ടവയുമായ ജോലികൾക്കു പുറമേ, രൂപതയിൽ നിരവധി ഉത്തരവാദിത്വങ്ങളാണ് അദ്ദേഹത്തിന് നിർവ്വഹിക്കാനും നേതൃത്വം നല്കാനുമുള്ളത്: യഥാവസരം വാർഷിക പദ്ധതിയും ബജറ്റും ഇടവക ഫെറോന രൂപത (ത്രിതല) തലങ്ങളിൽ രൂപീകരിക്കുന്ന നടപടികൾ സംഘടിപ്പിക്കുക- മാർഗ്ഗരേഖ തയ്യാറാക്കി നല്കൽ, പരിശീലന പരിപാടികൾ, ബജറ്റ് അംഗീകാരം നല്കൽ പ്രക്രിയ മുതലായവ.

സമയബന്ധിത വിലയിരുത്തൽ പ്രക്രിയയ്ക്കുള്ള നടപടി, യഥാവസരം ശുശ്രൂഷ, ലീഡർമാർക്കുള്ള പരിശീലനവും തെരഞ്ഞെടുപ്പും (വിവിധ സമിതികളിലേയ്ക്കു) സംഘടിപ്പിക്കുക എന്നിങ്ങനെ.. ഉത്തരവാദിത്വമേഖലയിൽ പാരാവാരം പോലെ നിരവധിയായി കിടക്കുന്ന ജോലികൾ അടുക്കും ചിട്ടയുമായി ഒരുക്കി ഒതുക്കി ചെയ്ത് തീർക്കുന്നതാണ് അദ്ദേഹത്തിന്റെ ഒരു ശൈലി. അതിനാൽ, അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച നീണ്ട വർഷമത്രയും അല്പം പോലും ആയാസമോ സംഘർഷമോ അനുഭവപ്പെടാതെ സമചിത്തതയോടെ, ശാന്തമായി,
സ്വതന്ത്രമായി ജോലികൾ നിർവ്വഹിക്കാൻ കഴിഞ്ഞിരുന്നു.

അതിരൂപതയുടെ സമസ്ത മേഖലകളും അവയുടെ സകലപ്രവർത്തനങ്ങളും സുവിശേഷവല്ക്കരണം എന്ന ഏക ലക്ഷ്യത്തിലേയ്ക്കു ഏകോപിക്കപ്പെടണം എന്ന് അടിവരയിട്ട് പഠിപ്പിക്കുന്ന നിയുക്ത തോമസ് നെറ്റോ മെത്രാപ്പോലീത്ത കേരള ലത്തീൻ സഭയുടെ അനുഗ്രഹമായിരിക്കും. സുവിശേഷാധിഷ്ഠിത ജീവിതം ദൃഢപ്പെടുത്താനും പരിപോഷിപ്പിക്കാനും സഹായകമാകുന്ന നമ്മുടെ പങ്കാളിത്ത സംവിധാനങ്ങളും പ്രവർത്തനശൈലിയും സാമന്ത രൂപതകളിലേയ്ക്കു വ്യാപിപ്പിക്കാനും, അതിലൂടെ ഈ പ്രാദേശിക സഭയെ സുവിശേഷാധിഷ്ഠിതമായി നവീകരിക്കാനും മോൺ. തോമസ് ജെ നെറ്റോയുടെ സ്ഥാനലബ്ധി കേരള സഭയ്ക്കു അനുഗ്രഹമായി ഭവിക്കും.

# തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ

# ഡോ. തോമസ് ജെ. നെറ്റോയ്ക്ക്

## പ്രാർത്ഥനകളും അനുമോദനങ്ങളും



ആശംസകളോടെ

**DIOCESE OF QUILON**
the most ancient indian diocese





# ഹൃദയംതൊട്ട് ഒന്നുചേരുന്നു; തീരദേശജനതയുടെ ആഹ്ലാദത്തോടൊപ്പം



**ഫാ. ബോവാസ് മാത്യു**

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ മെത്രാപ്പൊലീത്ത ചുമതലയേൽക്കുകയാണ്. അഭിവന്ദ്യനായ തോമസ് ജെ. നെറ്റോ പിതാവ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയാൽ ദീർഘകാലം അതിരൂപതയ്ക്ക് ശുശ്രൂഷ ചെയ്ത അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ പിൻഗാമിയായി നിയമിതനായിരിക്കുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപത മാത്രമല്ല, കേരള ലത്തീൻ സഭ മാത്രമല്ല കേരള സഭയൊന്നാകെ വളരെ സന്തോഷത്തോടെയാണ് ഈ നിയമനത്തെ കണ്ടത്. അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ വളരെ ലളിതവും ഔപചാരികത കുറഞ്ഞതുമായ ജീവിതക്രമത്തിന് വലിയ സ്വീകാര്യ



തയാണ് പൊതുസമൂഹത്തിലും സഭയിലാകമാനവും ലഭിച്ചിട്ടുള്ളത്. തീരദേശ ജനതയ്ക്ക പ്രതീക്ഷയുടെ വലിയ അനുഭവമാണ് അഭിവന്ദ്യപിതാവിന്റെ കാലഘട്ടം നൽകിയത്. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ഏറിയ പങ്കും തീരദേശത്ത് ജീവിക്കുന്നവരും കടലിൽ ജോലിക്ക് പോകുന്നവരുമാണ്. ദാരിദ്ര്യവും സാമൂഹികമായ
പിന്നാക്കാവസ്ഥയുമെല്ലാം വല്ലാതെ ഈ സമൂഹത്തെ വീർപ്പുമുട്ടിക്കുന്നുണ്ട്. അവരുടെ മധ്യേ, അവരിൽ നിന്നൊരു ഇടയൻ വരുന്നത് എല്ലാ അർത്ഥത്തിലും ഈ ജനതയ്ക്ക് വലിയ സന്തോഷവും ആശ്വാസവുമാണ് നൽകുന്നത്. പണ്ഡിതനും നല്ല അജപാലകനു മെന്ന നിലയിൽ അതിരൂപത മുഴുവനിലും അംഗീകാരമുള്ള ജനങ്ങളുടെ വിശ്വാസം നേടി യിട്ടുള്ള വൈദികസമൂഹത്തിന്റെ പിൻബലമുള്ള നെറ്റോ പിതാവ് ഈ അതിരൂപതയുടെ അധ്യക്ഷനായി വരുന്നുവെന്നുള്ളത് ഏറെ സന്തോഷകരമായ കാര്യമാണ്.

കേരളസഭയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് വലിയൊരു സ്ഥാനമാണുള്ള ത്. ആ സ്ഥാനം അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ കാലത്ത് കുറെക്കൂടി പ്രബലമായി നമുക്ക് അനുഭവപ്പെട്ടു. പിതാവിന്റെ നേതൃത്വ ധീരത തന്നെയാണ് അതിനു പ്രധാന കാരണം. ധാർമ്മികമായ വിഷയങ്ങളിൽ, സാമൂഹികമായ തിന്മക്കെതിരെയുള്ള പോ രാട്ടത്തിൽ ഇതര മതസ്ഥരോടുള്ള ബന്ധത്തിൽ, വിവിധ ക്രൈസ്തവ സമൂഹങ്ങളുമായ സമ്പർക്കങ്ങളിൽ പിതാവ് നൽകിയ മാതൃകാപരമായ നേതൃത്വം പരക്കെ അംഗീകരി ക്കപ്പെട്ടിട്ടുള്ളതാണ്. ആ സ്ഥാനത്തേയ്ക്കാണ് അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് ചുമ തലയേൽക്കുന്നത്. അദ്ദേഹവും ആ ശൈലി പിന്തുടരുമെന്നാണ് ഏവരുടെയും പ്രതീക്ഷ. ഈ സാമൂഹിക വിപത്തുകൾ പ്രത്യേകിച്ച്, അദ്ദേഹത്തിന്റെ അജപാലന പ്രദേശങ്ങളിൽ വലിയ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. മദ്യത്തിന്റെ ഉപഭോഗം കൂടുതൽ ആയിട്ടുള്ള സാഹച ര്യം മനസ്സിലാക്കിയാണ് അഭിവന്ദ്യ സൂസപാക്യം പിതാവ് പൊഴിയൂർ പ്രദേശത്തെ ലഹ രിവിമുക്ത മേഖലയാക്കുന്നതിനുള്ള പരിശ്രമം നടത്തിയത്. ആ യജ്ഞത്തിൽ പിതാവ് വിജയം കണ്ടു. തീരദേശ ജനത അനുഭവിക്കുന്ന മറ്റനേകം പ്രശ്നങ്ങളുണ്ട്. ഒന്നാമതായി കാലാവസ്ഥാവ്യതിയാനം വഴി കടലിന്റെ അവസ്ഥകളിൽ വന്നിരിക്കുന്ന മാറ്റം. വീശി യടിക്കുന്ന ചുഴലിക്കാറ്റ്, കടലാക്രമണങ്ങൾ ഇതെല്ലാം തീരദേശ ജനതയുടെ സ്വൈര ജീവിതം നഷ്ടമാക്കുകയും, അവരുടെ സ്വസ്ഥജീവിതത്തിന് വലിയ തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ, ആഴക്കടലിലേക്ക് വലിയ ട്രോളറുകളും കുത്തകകളും ഇറങ്ങിയതോടെ സാധാരണ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന ഗുരു



തരമായ സാഹചര്യമുണ്ട്. പുതിയ തൊഴിൽ മേഖലയിലേക്ക് പരിശീലനം നേടി പുതിയ തലമുറ പോകേണ്ടതുണ്ട്. അതുപോലെ തന്നെ അവരുടെ ജീവിതസാഹചര്യം കുറെക്കൂടി മെച്ചപ്പെടേണ്ടതുണ്ട്. സർക്കാർ, സർക്കാരേതര സേവനമേഖലകളിൽ ഇവരുടെ സാധ്യതകൾ വർധിക്കേണ്ടതായ സാഹചര്യമുണ്ട്. പുതിയ പിതാവിന്റെ മുമ്പിൽ ഇതെല്ലാം വെല്ലുവിളികളായി നിലനിൽക്കുന്നു. ദൈവത്തിൽ ആശ്രയിച്ച് ജനങ്ങളുടെയും വൈദികരുടെയും പിന്തുണയാർജ്ജിച്ചുകൊണ്ട് ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനും അതിജീവിക്കാനും നെറ്റോ പിതാവിന് കഴിയും. തിരുവനന്തപുരത്തെ മലങ്കര കത്തോലിക്കാ സമൂഹത്തോടും, മേജർ അതിരൂപതയോടും ദീർഘകാലമായയുള്ള വലിയ ബന്ധമാണ് ഈ രണ്ട് സഭകളും രൂപതകളും തമ്മിലുള്ളത്. മാർ ഇവാനിയോസ് തിരുമേനി കൊല്ലം രൂപതാ കേന്ദ്രത്തിലാണ് പുനരൈക്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. അതു കഴിഞ്ഞ് തിരുവനന്തപുരത്തേയ്ക്ക് വന്ന നാൾ മുതൽ കൊല്ലം രൂപതയുടെയും പിന്നീട് രൂപീകരിക്കപ്പെട്ട തിരുവനന്തപുരം രൂപതയുടെയും പിന്നീട് അതിരൂപതയായി ഉയർപ്പെട്ട തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെയും വലിയ സ്നേഹവും കരുതലും ഇക്കാലത്തും പിതാവിന് ലഭിച്ചിട്ടുണ്ട്. ഭാഗ്യസ്മരണാർഹനായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിയും അഭിവന്ദ്യ അച്ചാരുപറമ്പിൽ പിതാവ്, അഭിവന്ദ്യ സൂസപാക്യം പിതാവ് ഇവർ രണ്ടു പേരോടുമുള്ള വളരെ ആഴമായ ബന്ധം തുടർന്ന് അഭിവന്ദ്യ സിറിൾ പിതാവിന്റെ കാലത്തും ഇപ്പോൾ അഭിവന്ദ്യ ക്ലീമീസ് പിതാവിന്റെ കാലത്തും അഭംഗുരമായി തുടരുന്നുവെന്നത് സന്തോഷത്തോടും അഭിമാനത്തൊടെയും ഓർമ്മിക്കുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെയും തിരുവനന്തപുരം മേജർ അതിരൂപതയുടെയും എല്ലാ പരിപാടികളിലും അഭിവന്ദ്യ പിതാക്കന്മാർ പരസ്പരം പോകുന്നതും ജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതും ഇവിടെ പതിവാണ്. ഈ രണ്ട് പിതാക്കന്മാരും ഒരുമിച്ചാണ് കത്തോലിക്കാസഭയുടെ വലിയ സാന്നിദ്ധ്യം തലസ്ഥാനനഗരിക്ക് നൽകിവരുന്നത്. പൊതുസമൂഹത്തിൽ രണ്ട് പിതാക്കന്മാരുടെയും നിറഞ്ഞ സാന്നിദ്ധ്യമുണ്ടാകാറുണ്ട്. ഈ രണ്ട് പിതാക്കന്മാരും വലിയ നേതൃത്വമാണ് ഈ ദേശത്ത് നൽകുന്നത്. പ്രത്യേകിച്ച് തിരുവനന്തപുരം കേന്ദ്രമായി നടക്കുന്ന അനന്തപുരി കൺവെൻഷൻ, ദുഃഖവെള്ളിയാഴ്ച നടക്കുന്ന സംയുക്ത കുരിശിന്റെ വഴി എന്നിവയെല്ലാം ഈ കൂടിവരവിന്റെ ചൈതന്യമാർന്ന പ്രതീകങ്ങളാണ്. ഈ രണ്ടിടത്തെയും പിതാക്കന്മാർ ഓരോ കാലഘട്ടത്തിലും നടത്തിയ പരിശ്രമത്തിന്റെയും നേതൃത്വത്തിന്റെയും ഫലമാണ് ഈ കൂടിവരവുകൾ. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ മെത്രാപ്പൊലീത്തയ്ക്ക് പ്രാർത്ഥനയും സ്നേഹാശംസകളും നേരുന്നു.

# നിയുക്ത ആർച്ച് ബിഷപ്പ്
# തോമസ് ജെ നെറ്റോ പിതാവിന്
## പ്രാർത്ഥനകളും അനുമോദനങ്ങളും



ആശംസകളോടെ







# തിരുവനന്തപുരം അതിരൂപതയുടെ എട്ടര പതിറ്റാണ്ട് നീണ്ട മാനവ സേവന ശുശ്രൂഷകൾ

ഡോ. മഞ്ജു എസ് എസ്



മനുഷ്യസേവനം തന്നെയാണ് ഈശ്വര സേവനം എന്ന ഭാരതീയതത്വ ചിന്തയെ അടിസ്ഥാനമാക്കിയാണ് തിരുവനന്തപുരം അതിരൂപത 85 വർഷക്കാലം വൈവിധ്യമാർന്ന ശുശ്രൂഷകൾ ഏറ്റെടുത്ത് മുന്നോട്ടുപോയത്. മനുഷ്യനന്മക്കും സാർവ്വത്രിക സഭയുടെ വളർച്ചക്കും ഈ രൂപത നല്കിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. അന്താരാഷ്ട്ര തലത്തിൽ ഈ അതിരൂപതയുടെ മക്കൾ നല്കിവരുന്ന അമൂല്യമായ സേവനങ്ങളുടെ കൃത്യമായ കണക്കെടുപ്പ് ഇതുവരെ നടത്തിയിട്ടില്ല. മനുഷ്യവിഭവശേഷിയാൽ സമ്പന്നമായ ഈ രൂപതയിൽ നിന്നാണ് ഏറ്റവുമധികം പേർ ഗൾഫ് നാടുകളിലേക്ക് ആദ്യകാലത്ത് എത്തപ്പെട്ടത്. ഇവരുടെ അധ്വാനത്തിന്റെ ബാഹ്യരൂപങ്ങളാണ് ഗൾഫിലെ എണ്ണകമ്പനികളും വിവിധ ഫാക്ടറികളും വാണിജ്യ സമുച്ചയങ്ങളും! അധ്വാനശീലരായ തീരദേശവാസികളുടെയും ഉൾനാടൻ പ്രദേശങ്ങളിൽ നിന്നും തൊഴിൽ തേടി എത്തിയവരും ചേർന്നാണ് ആ നാടുകളിലെ സമ്പദ് വ്യവസ്ഥയെ സമ്പന്നവും ചലനാത്മകവുമാക്കി തീർത്തത്. ഇന്നും യൂറോപ്യൻ



ഏഷ്യൻ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിലേക്ക് നിരവധി യുവാക്കൾ കടന്നു ചെന്നു കൊണ്ടിരിക്കുന്നു.

തിരുവനന്തപുരം രൂപതയുടെ ജന്മത്തിന് കാരണഭൂതരായ കർമ്മലീത്താസഭ (ഫ്ളാൻഡേഴ്സ് പ്രൊവിൻസ്) യുടെ അന്യൂനമായ സംഭാവനകളെ എന്നെന്നും സ്മരിക്കപ്പെടേണ്ടതാണ്. ഉൾനാട്ടുകളിൽ കർമ്മലീത്താ വൈദികർ നടത്തിയ പ്രേഷിത പ്രവർത്തന ഫലമായി അസംഖ്യംപേർ ക്രൈസ്തവ വിശ്വാസത്തിലേക്ക് ആനീതതരായി. സുവിശേഷ പ്രഘോഷണത്തോടൊപ്പം തന്നെ വിദ്യാഭ്യാസ, സാമൂഹ്യ ആതുര ശുശ്രൂഷാ രംഗത്തും അവർ നല്കിയ അതുല്യമായ സേവനങ്ങൾ വിവരണാതീതമാണ്. കർമ്മലീത്തർ സ്ഥാപിച്ച നഗരത്തിലെ രണ്ടു പ്രമുഖ വിദ്യാലയങ്ങളായ സെന്റ് ജോസഫ്സ് സ്കൂളും സന്യാസിനികളാൽ സ്ഥാപിതമായ ഹോളി എയ്ഞ്ചൽസ് സ്കൂളും ജാതിമത ഭേദമെന്യെ ഉത്തമരായ പൗരന്മാരെ വാർത്തെടുക്കുന്നതിൽ നിർവ്വഹിച്ച പങ്ക് വിസ്മരിക്കുക അസാധ്യം! യുവജനങ്ങളുടെ സർവതോന്മുഖമായ വളർച്ചയും വികാസവും ലക്ഷ്യം വച്ചു കൊണ്ട് ആർച്ച് ബിഷപ്പ് ബൻസിഗറിനാൽ 1922 ൽ സ്ഥാപിതമായ ലൂയിസ് കാത്തലിക് ഹോസ്റ്റൽ നൂറ് കണക്കിന് ഉത്തമ പൗരന്മാരെയാണ് സമൂഹത്തിന് സംഭാവനയായി നല്കിയത്. കേരളത്തിലെ വിവിധ രൂപതകളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടാൻ തിരുവനന്തപുരത്തെത്തിയ കത്തോലിക്കാ വിദ്യാർത്ഥികൾ കാത്തലിക് ഹോസ്റ്റലിലാണ് താമസിച്ചു പഠിച്ചിരുന്നത്. ദിവംഗതരായ മാർ സെബാസ്റ്റ്യൻ വയലിൽ, മാർ സെബാസ്റ്റ്യാൻ വള്ളോപ്പള്ളി കേരളാ കോൺഗ്രസ് സ്ഥാപകനേതാക്കളിൽ പ്രമുഖനായ കെ.എം.ജോർജ്ജ് തുടങ്ങിയവർ ഈ ഹോസ്റ്റലിലെ അന്തേവാസികളായിരുന്നവരിൽ ചിലർമാത്രം. ഹോസ്റ്റലിന്റെ വാർഡന്മാരിലൊരാളായിരുന്ന ഫാ. സിറിയക് വെട്ടിക്കാപ്പള്ളി വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത ഏകകത്തോലിക്കാ വൈദികനും ശ്രീമൂലം പ്രജാസഭയിൽ അംഗവുമായിരുന്നു.

ഭാരതത്തിലെ ബഹിരാകാശരംഗത്തെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത് ഡോക്ടർ

വിക്രം സാരാഭായിയുടെ നേതൃത്വത്തിൽ തുമ്പയിൽ നിന്നാണല്ലോ? തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശമായ 'തുമ്പ' ഭൂമദ്ധ്യരേഖയോട് അടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ്. അഗ്നിചിറകുകൾ എന്ന ഡോ. എ.പി.ജെ.അബ്ദുൾ കലാമിന്റെ പുസ്തകത്തിൽ, തുമ്പയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് ഇപ്രകാരമാണ്. "റെയിൽവേ പാതക്കും കടൽതീരത്തിനുമിടയിലായി രണ്ടരകിലോമീറ്റർ വ്യാപ്തിയിൽ 600 ഏക്കറിലായി സ്ഥിതിചെയ്യുന്ന സ്ഥലമാണ് ബഹിരാകാശ കേന്ദ്രത്തിനായി തെരഞ്ഞെടുത്തത്. ഈ സ്ഥലത്ത് ഒരു ദൈവാലയവും സിമിത്തേരിയും നിലനിന്നിരുന്നു." മുഖ്യ സിവിൾ എഞ്ചിനീയറായിരുന്ന ആർ.ഡി. ജോണിന്റെ വാക്കുകളിൽ പറഞ്ഞാൽ 'ജനസാന്ദ്രത ഏറെയുള്ള പ്രദേശം' 500 ഓളം ഓലമേഞ്ഞ കുടിലുകൾ; ഭൂരിഭാഗവും കത്തോലിക്കരായ മത്സ്യത്തൊഴിലാളികൾ; ദേവാലയമുൾപ്പെടെയുള്ള ജനവാസകേന്ദ്രം ഏറ്റെടുക്കൽ അത്ര എളുപ്പമുള്ള ജോലിയായിരുന്നില്ല. എന്നാൽ ശാസ്ത്രജ്ഞനായ വിക്രം സാരാഭായ് ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയുടെ സഹായം തേടി. സാരാഭായിയെയും കൂട്ടിക്കൊണ്ട് പിതാവ് തുമ്പ ദൈവാലയത്തിലെത്തി. ഞായറാഴ്ചത്തെ ദിവ്യബലികഴിഞ്ഞ് പിതാവ് ജനങ്ങളോട് ആരാധനാകേന്ദ്രവും പാർപ്പിടങ്ങളും പൂർവ്വീകരെ സംസ്കരിച്ച സെമിത്തേരിയും ഭാരതത്തിന്റെ ശാസ്ത്രസാങ്കേതിക വികസനത്തിനായി വിട്ടുകൊടുക്കാനാവശ്യപ്പെട്ടു. ആരും എതിർപ്പോ അപശബ്ദമോ ഉയർത്തിയില്ല. ജനങ്ങൾ ഏക സ്വരത്തിൽ ആമേൻ പറഞ്ഞുകൊണ്ട് ഇടയന്റെ ആഹ്വാനം സ്വീകരിച്ചു. ശാസ്ത്രവും മതവും കൈകോർത്തപ്പോൾ തുമ്പയിൽ അന്താരാഷ്ട്രതലത്തിൽ തന്നെ പ്രസിദ്ധമായ ബഹിരാകാശ കേന്ദ്രം ഉയർന്നുവന്നു. രാഷ്ട്രീയ രംഗത്ത് ഏറെകോളിളക്കം സൃഷ്ടിച്ച 1959 ലെ വിമോചന സമരത്തിൽ തിരുവനന്തപുരം രൂപതയും പീറ്റർ ബർണാർഡ് പെരേരാ പിതാവും വഹിച്ച സുപ്രധാനമായ റോൾ എന്നും അഭിമാനത്തോടെയെ ഓർക്കാനാവൂ. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേരെയുള്ള അവകാശ നിഷേധങ്ങൾക്കെതിരെ ജനങ്ങളെ അണി നിരത്തിക്കൊണ്ടുള്ള പോരാട്ടങ്ങൾക്ക് ധീരനായ ആ ഇടയൻ നേതൃത്വം നല്കി. ഗർഭിണിയായ ഫ്ളോറിയുൾപ്പെടെ നിരവധി ജീവനുകൾ ബലിയായി നല്കേണ്ടിവന്നു. തീരദേശത്തെ ധീരരായ മത്സ്യത്തൊഴിലാളികൾ സമരരംഗത്ത് പോരാടി വിജയം വരിച്ചു. ജനകീയ സമരമുഖത്തെ മുന്നണിപോരാളിയായി നിലകൊണ്ടത് ബിഷപ്പ് പീറ്റർ ബർണാർഡ് പെരേര തന്നെയായിരുന്നു.

സാമൂഹിക മുന്നേറ്റത്തിന് അടിത്തറ പാകിക്കൊണ്ട് 1961 ൽ തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ രൂപീകരണം ശ്രദ്ധേയമായ നടപടിയായിരുന്നു. ദരിദ്രപിന്നോക്ക പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ ജീവിത ഭദ്രത ഉറപ്പുവരുത്താനുള്ള ദീർഘദർശനത്തോടെയുള്ള ചുവടുവയ്പായിരുന്നു റ്റി.എസ്സ്.എസ്സ്.എസ്സിന്റെ രൂപീകരണം. മത്സ്യത്തൊഴിലാളികളുടെ ഇടയിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള ആശയങ്ങൾ പ്രചരിപ്പിച്ചതും സഹകരണാടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് നേതൃത്വം നല്കിയതും പെരേരാ പിതാവായിരുന്നു. വിജനമായ ആളില്ലാത്തതുറ എന്ന ഗ്രാമത്തിൽ 30 ഏക്കർ ഭൂമിയിൽ 56 ഭവനങ്ങൾ നിർമ്മിച്ചു കൊണ്ട് രൂപതയുടെ തെക്കൻ തീരത്ത് നിന്ന് ദരിദ്രരായ മത്സ്യത്തൊഴിലാളികളെ ഇവിടേക്ക് കൊണ്ടുവന്നു പുനഃരധിവസിപ്പിച്ചു. ആളില്ലാത്തുറയെന്ന ഊഷരഭൂമിയെ ആൾവാസമുള്ള ഭൂമിയാക്കി മാറ്റി എന്നു മാത്രമല്ല ആദേശത്തിന് മരിയനാട് എന്ന പേരും നല്കി. അവിടെ പുതിയ ഇടവകക്ക് രൂപം നല്കുകയും ചെയ്തു. സെന്റർ ഫോർ സ്റ്റഡീസിലെ ഡോ.ജോൺകുര്യന്റെ അഭിപ്രായത്തിൽ "മനുഷ്യന്റെ സമഗ്രവികസനം എന്ന കാഴ്ചപ്പാട് പ്രായോഗികമായി ഉൾക്കൊണ്ട് കൊണ്ട് പ്രവൃത്തി പഥത്തിൽ എത്തിച്ച ചുരുക്കം ചില

വ്യക്തികളിൽ ഒരാളായിരുന്നു ബിഷപ്പ് പെരേര." മനുഷ്യ വിഭവശേഷിയുടെ ശരിയായ ആസൂത്രണത്തിലൂടെ മരിയനാടിനെ വികസന ഭൂമികയാക്കിയ മാറ്റിയ പെരേരാ പിതാവിന്റെ ക്രാന്തദർശിത്വത്തെ എന്നും ആദരവോടെ അനുസ്മരിക്കപ്പെടും.

തലസ്ഥാന നഗരിയിൽ പൊതുവായ കൂടിവരവിന് വേദിയായ ബിഷപ്പ് പെരേരാ ഹാൾ, പഠനപരിശീലന പരിപാടികൾ സംഘടിപ്പിക്കപ്പെടുന്ന വെള്ളയമ്പലം ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്റർ, വിവിധ ശുശ്രൂഷകളുടെ സമന്വയവേദിയായ സമന്വയ ബിൽഡിംഗ്സ്, ബിഷപ്പ് ജേക്കബ്സ് കോമേഴ്സ്യൽ കോംപ്ലക്സ്, ആതുര ശുശ്രൂഷാരംഗത്ത് തിരുവനന്തപുരത്ത് മികച്ച സേവനം നല്കുന്ന ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ ഇവയെല്ലാം അഭിവന്ദ്യ ജേക്കബ് അച്ചാരുപറമ്പിൽ പിതാവിന്റെ അജപാലന ശുശ്രൂഷാ കാലയളവിൽ ഉയർന്നുവന്ന സ്ഥാപനങ്ങളാണ്.

സാമൂഹ്യതിന്മകളായ മദ്യം ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവക്കെതിരായ പോരാട്ടം ശക്തിപ്രാപിച്ചത്, കൂട്ടായ്മകളിൽ രൂപപ്പെട്ട പൊതുബോധത്തിന്റെയും സർവോപരി വചനവെളിച്ചത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു. സമൂഹത്തെ ഒന്നാകെ കാർന്നു തിന്നുന്ന ക്യാൻസറായി മാറിയ മദ്യമെന്ന മഹാവിപത്തിനെതിരെ ബോധവൽക്കരണം നടന്നതും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെയായിരുന്നു. ഇവിടെ വഴികാട്ടിയായും വഴിവിളക്കായും നിലകൊണ്ടത് സൂസപാക്യം പിതാവാണ്. സ്ത്രീധന സമ്പ്രദായം, ധൂർത്ത്, ആഡംബരം തുടങ്ങി എണ്ണമറ്റ വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ട് സൂസപാക്യം പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ നിരവധി പോരാട്ടങ്ങൾ കേരള ചരിത്രത്തിൽ ലബ്ധപ്രതിഷ്ഠനേടിക്കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ തകർത്തെറിഞ്ഞ സുനാമി, ഓഖി, റൗട്ടച്ചുഴലിക്കാറ്റുകൾ തീരത്ത് ആഞ്ഞടിച്ചപ്പോൾ പകച്ചുപോയ തീരദേശ വാസികൾക്ക് ധൈര്യം പകർന്ന ഇടയനാണ് പിതാവ്. ദുരന്തമുഖങ്ങളിൽ ഓടിയെത്തി ഹതഭാഗ്യരെ അദ്ദേഹം സമാശ്വസിപ്പിച്ചു. കാരുണ്യത്തിന്റെ കരം നീട്ടിയ ഈ ഇടയന്റെ സ്ഥാനം ജനമനസ്സുകളിൽ നിന്ന് മായ്ച്ചു കളയാനാകില്ല. മധ്യതിരുവിതാംകൂറിലുണ്ടായ പ്രളയ ദുരന്തത്തിൽപ്പെട്ടവർക്ക് രക്ഷകരായി തീർന്ന മത്സ്യത്തൊഴിലാളികളുടെ കൂട്ടത്തിൽ തിരുവനന്തപുരം രൂപതയിലെ തീരമക്കളുമുണ്ടായിരുന്നു. മത്സ്യത്തൊഴിലാളികളുടെ രോദനങ്ങളും വേദനകളും ഭരണകർത്താക്കളുടെ ബധിരകർണ്ണങ്ങളിൽ പതിച്ചപ്പോൾ നീതിക്ക് വേണ്ടി പോരാടുന്ന പ്രവാചകനായി സൂസപാക്യം പിതാവ് മാറി. സെക്രട്ടറിയേറ്റിനും രാജ്ഭവനിനും മുമ്പിൽ മത്സ്യത്തൊഴിലാളികളുടെ അണപൊട്ടി ഒഴുകിയ വികാരങ്ങൾക്കു മുമ്പിൽ അക്ഷോഭ്യനായി നിലകൊണ്ട് മാന്യമായി പറയേണ്ടത് ശക്തമായി പിതാവ് പറഞ്ഞു. പരിസ്ഥിതിക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന നാശത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രകൃതി സംരക്ഷണത്തിനായി ഉറക്കെ ശബ്ദിച്ചിരുന്ന സുഗതകുമാരി ടീച്ചറോടൊപ്പം പിതാവും നിലകൊണ്ടു. തിരുവനന്തപുരം നഗരത്തിന്റെ സാമൂഹ്യ സാംസ്കാരിക വേദികളിൽ നിറസാന്നിദ്ധ്യമായിരുന്നു സൂസപാക്യം പിതാവ്. ശാന്തി സമിതി എന്ന മതസൗഹാർദ്ദ കൂട്ടായ്മയുടെ സ്ഥിരാദ്ധ്യക്ഷനായിരുന്നു പിതാവ്. സുദീർഘമായ 31 വർഷക്കാലം അജപാലന ശുശ്രൂഷകൾ നിർവ്വഹിച്ച് പുതിയ ഇടയനായ ഡോ.തോമസ് ജെ നെറ്റോക്ക് ചുമതല കൈമാറുമ്പോൾ സൂസപാക്യം പിതാവ് കൃതാർത്ഥനാണ്. അതിരൂപതയിൽ മുൻഗാമികൾ തുടങ്ങിവച്ച മഹനീയ മാതൃകകൾ പിൻ ചെല്ലുവാൻ നെറ്റോപിതാവ് പ്രതിജ്ഞാബദ്ധനാകുന്നു. ത്യാഗധനരായ പിതാക്കന്മാരുടെ കാല്പാടുകൾ പിൻചെന്നുകൊണ്ട് തിരുവനന്തപുരം രൂപതയാകുന്ന പ്രാദേശിക സഭയെ ദൈവരാജ്യമൂല്യങ്ങൾക്കനുസൃതമായി പരിപോഷിപ്പിക്കാൻ ദൈവം അദ്ദേഹത്തിന് ശക്തിപകരട്ടെ എന്നാണ് ദൈവജനത്തിന്റെ പ്രാർത്ഥന.



# വിശ്വാസവീഥികളിലെ കെടാവിളക്കുകൾ

തിരുവനന്തപുരം അതിരൂപതയുടെ പോയകാല ആത്മീയ സാരഥികളെ പരിചയപ്പെടാം : ഇരുപത്തിയൊന്നു വർഷക്കാലം തിരുവനന്തപുരം രൂപതയെ നയിച്ച മഹായിടയനാണ് ബിഷപ്പ് വിൻസന്റ് ദെരേര. ഇദ്ദേഹത്തിന്റെ അജപാലനനാളുകളിൽ വിദേശീയരും തദ്ദേശീയയരുമായ വൈദികരുടെ മേൽനോട്ടത്തിൽ മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നേറുകയും രൂപത ആദ്ധ്യാത്മിക ഭൗതീകമണ്ഡലങ്ങളിൽ നിർണ്ണായക പുരോഗതി കൈവരിക്കുകയും ചെയ്തു.

ബിഷപ്പ് വിൻസന്റ് ദെരേരയുടെ സഹായമെത്രാനായി 1955 ആഗസ്റ്റ് 24–ന് ബിഷപ്പ് പീറ്റർ ബർണാഡ് പെരേര നിയമിതനായി. 1966–ൽ ബിഷപ്പ് വിൻസന്റ് ദെരേര സ്ഥാനമൊഴിഞ്ഞതിനുശേഷം തിരുവനന്തപുരം രൂപതയുടെ മെത്രാനായി അദ്ദേഹം ചുമതലയേറ്റു. തിരുവനന്തപുരം രൂപതയെ എല്ലാ അർത്ഥത്തിലും പുരോഗതിയുടെ പാതയിലേക്കാനയിക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിച്ചു. രൂപതയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് കൂടുതൽ ശ്രദ്ധാപതിപ്പിച്ചു. പ്രേഷിത പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി വിവിധ സന്യാസ വിഭാഗങ്ങളിൽപ്പെട്ട വൈദികരെയും സന്യാസിനികളെയും രൂപതയിലേയ്ക്ക് ക്ഷണിക്കുകയും കന്യകാലയങ്ങളും സന്യാസഭവനങ്ങളും

രൂപതയിലങ്ങോളമിങ്ങോളം സ്ഥാപിക്കുകയും ചെയ്തു. സാമൂഹ്യ സേവനരംഗത്ത് പ്രവർത്തിക്കുന്ന TSS ന്റെ സ്ഥാപകൻ ബിഷപ്പ് പെരേരയായിരുന്നു. മത്സ്യത്തൊഴിലാളികളെ പുനഃരധിവസിപ്പിച്ച മര്യനാട് ഹൌസിംഗ് സ്കീമും മത്സ്യത്തൊഴിലാളി സഹകരണ സംഘവും സ്ഥാപിച്ചത് അഭിവന്ദ്യ പിതാവിന്റെ ശ്രമഫലമായാണ്. തുമ്പ ബഹിരാകാശ ക്രേന്ദ്രത്തിനുവേണ്ടി ദേവാലയവും വൈദികവസതിയും ജനങ്ങളുടെ സഹകരണത്തോടെ രാഷ്ട്രപുരോഗതിക്ക് വിട്ടുനൽകാൻ അദ്ദേഹം സന്നദ്ധനായി. 1978 ജൂൺ 13–ന് ബിഷപ്പ് പീറ്റർ ബർണാഡ് പെരേര കാലം ചെയ്തതിനെ തുടർന്ന് രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മോൺ. മാർക്ക് നെറ്റോ നിയമിതനായി.



പരിശുദ്ധ പിതാവ് ജോൺ പോൾ മാർപാപ്പ 1979 ഒക്ടോബറിൽ ഡോ. ജേക്കബ് അച്ചാരുപറമ്പിലിനെ തിരുവനന്തപുരം രൂപതയുടെ മൂന്നാമത്തെ മെത്രാനായി നിയമിച്ചു. പ്രാർത്ഥനയിലൂടെയും സഹനത്തിലൂടെയും രൂപതയിലെ വിശ്വാസികളുടെ ആദ്ധ്യാത്മികവും ഭൗതിക വുമായ പുരോഗതിക്കായി സ്വയം സമർപ്പിച്ച യോഗീവര്യനാണദ്ദേഹം.
1979 ഒക്ടോബർ 7–ന് രൂപതയുടെ മെത്രാനായി സ്ഥാനമേറ്റ അഭിവന്ദ്യ ജേക്കബ് അച്ചാരു പറമ്പിലാണ് പ്രാദേശിക സഭയെ വത്തിക്കാൻ പഠനങ്ങളനുസരിച്ച് നവീകരിക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾക്ക് തുടക്കമിട്ടത്. ജേക്കബ് പിതാവ് സ്ഥാനമേറ്റതിന്റെ എട്ടാം വർഷം അതായത് 1987–ൽ രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ കോട്ടാറിൽ ഫാ. അമലോത്ഭവ ദാസിന്റെ നേതൃത്വത്തിൽ വൈദീകരുടെ ഒത്തുവാസത്തിൽ വച്ച് ജനപങ്കാ ളിത്തത്തിലധിഷ്ഠിതമായ വളർച്ചയുടെ ദിശ നിർണ്ണയിക്കപ്പെട്ടു. ജനപങ്കാളിത്തം എല്ലാ മേഖലകളിലും വളർത്തിയെടുക്കാൻ ജേക്കബ് പിതാവിന്റെ നേതൃത്വത്തിന് കഴിഞ്ഞു. അൽമായർക്കു വേണ്ടി രൂപംകൊണ്ട സഭ (Church for the People) എന്ന ദർശനത്തിൽ സഭാദർശനം ഉൾക്കൊണ്ടുകൊണ്ട് രൂപതയിൽ നവീകരണത്തിന് തുടക്കം കുറിച്ചത് ജേക്കബ് അച്ചാരു പറമ്പിൽ പിതാവായിരുന്നു.
1990–ൽ സൂസപാക്യം പിതാവ് ഇടയനായി സ്ഥാനമേറ്റ പ്രാദേശിക സഭയിൽ നടന്നു വന്ന നവീകരണ യജ്ഞങ്ങളെ സമഗ്രമായി വിലയിരുത്താൻ വിവിധ കമ്മിഷനുകളെ നിയോഗിച്ചു. കമ്മിഷനുകളുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്തം (Participation) വികേന്ദ്രീകരണം (Decentralisation) കാര്യക്ഷമത (efficiency) കീഴ്ഘടക കാര്യക്ഷമത (Principle of subsidiarity) എന്നീ ആശയങ്ങളിലൂന്നി ആവിഷ്കരിച്ച Emerging New Vision എന്ന പേരിലുള്ള പുതിയ വീക്ഷണം രൂപതിയിലെ എല്ലാ തലങ്ങളിലെയും പങ്കാളിത്ത പ്രവർത്തനങ്ങൾക്കുള്ള ആഹ്വാനവും മാർഗ്ഗരേഖയുമായി തീർന്നു.





1996 ജൂലൈ 16–ന് തിരുവനന്തപുരം രൂപത വിഭജിച്ച് നെയ്യാറ്റിൻകര രൂപത സ്ഥാപിതമായി. രൂപത സ്ഥാപിതമായതിന്റെ അറുപത്തിയേഴാം വർഷത്തിൽ 2004 ജൂൺ 17–ന് തിരുവനന്തപുരം രൂപത അതിരൂപതയായും സൂസപാക്യം പിതാവ് മെത്രാപ്പൊലീത്തയായും ഉയർത്തപ്പെട്ടു. ആലപ്പുഴ, കൊല്ലം, പുനലൂർ, നെയ്യാറ്റിൻകര എന്നീ രൂപതകളെ തിരുവനന്തപുരം അതിരൂപ തയുടെ സാമന്തരൂപതകളാക്കി.

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ ദൈവാനുഭവ വേദികളാക്കാനും വചനത്തിൽ വേരൂന്നിയ സ്നേഹസമൂഹങ്ങൾക്ക് രൂപം നൽകാനും കൂട്ടായ്മകളെ പങ്കാളിത്ത സമൂഹങ്ങളായി രൂപപ്പെടുത്തുന്നതിനും മുൻഗണന നൽകിക്കൊണ്ട് ശുശ്രൂഷാ സമിതികളെ പ്രവർത്തന നിരതമാക്കാനും സൂസപാക്യം പിതാവ് നേതൃത്വം നൽകി. 2016 ഫെബ്രുവരി 2–ന് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി ഡോ. ക്രിസ്തു ദാസ് രാജപ്പനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. അതിരൂപതാഭരണത്തിൽ വിജയകരമായ 31 വർഷങ്ങൾ പൂർത്തിയാക്കിയ അഭിവന്ദ്യ സൂസപാക്യം പിതാവ് ഇപ്പോൾ സജീവമായ അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമ ജീവിതത്തിലാണ്.

രണ്ടര വർഷത്തോളം ജനസംഖ്യയുള്ള തിരുവനന്തപുരം രൂപതയിലെ 90% ജനങ്ങളും തീരദേശവാസികളാണ്. 9 ഫൊറോനകളിലായി 95 ഇടവകകളും 27 സബ്സ്റ്റേഷനുകളും രൂപതയിലുണ്ട്. 156 വൈദികർ രൂപതാ വൈദികർ അജപാലന ശുശ്രൂഷയിൽ വ്യാപൃതരായിരിക്കുന്നു. വിവിധ സന്യാസസമൂഹങ്ങളിൽ പെട്ട നിരവധി വൈദികരും സന്യസ്തരും വിദ്യാഭ്യാസ സാമൂഹ്യ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. BCC, അജപാലനം, അൽമായർ, സാമൂഹ്യം, വിദ്യാഭ്യാസം – കുടുംബം, യുവജനം, ഫിഷറീസ് എന്നീ 8 ശുശ്രൂഷാ സമിതികളിലൂടെയാണ് അതിരൂപതയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്നത്. ഉന്നത സാങ്കേതിക രംഗത്ത് രണ്ട് എഞ്ചിനീയറിംഗ് കോളേജുകളും ഒരു നേഴ്സിംഗ് കോളേജും ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപതയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. IT



# അകലെയാണെങ്കിലും കൈകൾ കൂപ്പി പ്രാർത്ഥിക്കുകയാണ് ഈ സമർപ്പിത....

**സിസ്റ്റർ ത്രേസ്യാമ്മ ജോസഫ്** എഫ്.എം.എം.

എന്റെ പേര് സിസ്റ്റർ ത്രേസ്യാമ്മ ജോസഫ് എഫ്.എം.എം. എനിക്ക് 76 വയസ്സുണ്ട്. ഇപ്പോൾ തോപ്പുംപടി ഔവർ ലേഡീസ് കോൺവെന്റിൽ വിശ്രമജീവിതം നയിക്കുകയാണ്. 2022 മാർച്ച് 19–ന് തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെടുന്ന മോൺ. ഡോ. തോമസ് ജെ. നെറ്റോ ലൂർദ്ദ്പുരം സെന്റ് ഹെലൻസ് സ്കൂളിൽ ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ എന്റെ വിദ്യാർത്ഥിയായിരുന്നു. ക്ലാസ്സിലേക്ക് കടന്നുവരുമ്പോൾപോലും യാതൊരു ബഹളവുമുണ്ടാക്കാത്ത ആ വിദ്യാർത്ഥി ഇന്നും എന്റെ ഓർമ്മയിലുണ്ട്. പഠനത്തിൽ എപ്പോഴും പ്രഥമ നിരയിൽ ഉണ്ടായിരുന്ന ഈ വിദ്യാർത്ഥിയെ ടീച്ചർമാരായ ഞങ്ങൾ ശ്രദ്ധിച്ചിരുന്നത് ആരോടും പരുഷമായി സംസാരിക്കാത്ത പ്രകൃതംകൊണ്ടായിരുന്നു. പുഞ്ചിരിച്ചുകൊണ്ടുമാത്രമേ ആരോടും സംസാരിക്കൂ. സഹപാഠികൾക്ക് എപ്പോഴും പ്രിയങ്കരനായിരുന്നു തോമസ് എന്നതും ഞാൻ ഓർമ്മിക്കുന്നു. അദ്ധ്യാപകരോട് എപ്പോഴും ആത്മാർത്ഥമായിത്തന്നെ ഈ വിദ്യാർത്ഥി ആദരവ് പുലർത്തിയിരുന്നു. ബാഹ്യമായി അസാധാരണത്വമൊന്നുമില്ലെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ തീർച്ചയായും എന്റെ പ്രിയപ്പെട്ട ഈ വിദ്യാർത്ഥി പ്രിയങ്കരനായിരുന്നു. ഇപ്പോൾ എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥിയെ തന്റെ ജനത്തെ നയിക്കാൻ തെരഞ്ഞെടുത്തിരിക്കുന്നതിൽ എനിക്കും എന്നോടൊപ്പം ഈ വിദ്യാർത്ഥിക്ക് അറിവ് പകർന്നുകൊടുത്ത എല്ലാ ഗുരുക്കന്മാർക്കും ഏറെ ചാരിതാർത്ഥ്യമുണ്ട്. അതിരൂപതയുടെ പ്രിയങ്കരനാണ് അന്നും ഇന്നും എന്റെ വിദ്യാർത്ഥി. അകലെയിരുന്നുകൊണ്ടായാലും ഞാൻ ദൈവതിരുമുമ്പിൽ എന്റെ പ്രിയ വിദ്യാർത്ഥിക്കുവേണ്ടി പ്രാർത്ഥിക്കുന്നു...


തിരുവനന്തപുരം
അതിരൂപതയുടെ
നവ ഇടയൻ
അഭിവന്ദ്യ.
ഡോ. തോമസ് ജെ.
നെറ്റോ പിതാവിന്
അനുഗ്രഹങ്ങളും
ആശംസകളും
ആർച്ച് ബിഷപ്
ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
വൈദികർ, സന്യസ്തർ, അല്മായർ
വരാപ്പുഴ അതിരൂപത

VATHICAN THARANGAM SUPPLEMENT
RN 55178/94
Total Pages 32 Date of Publication 19-03-2022



ആശംസകളോടെ

തിരുവനന്തപുരം
ലത്തീൻ അതിരൂപത

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.